بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാല്യം
3

ലക്കം
41

വാർഷിക
വരിസംഖ്യ
500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadrqadian.in

2018 ഒക്ടോബർ 11/ഹി:ശം:1397 ഇഖാ 11/ഹി:ഖ:1440 സ്വഫർ 01

## അല്ലാഹുവിന്റെ വചനം

اِنۡ تُبۡدُوا الصَّدَقٰتِ فَنِعِمَّا ہِیَ ۚ وَاِنۡ تُخۡفُوۡہَا وَتُؤۡتُوۡہَا الۡفُقَرَآءَ فَہُوَ خَیۡرٌ لَّکُمۡ ؕ وَیُکَفِّرُ عَنۡکُمۡ مِّنۡ سَیِّاٰتِکُمۡ ؕ وَاللّٰہُ بِمَا تَعۡمَلُوۡنَ خَبِیۡرٌ ○ (سورۃ البقرۃ:272)

നിങ്ങൾ ദാനധർമങ്ങൾ പരസ്യമായി നിർവഹിക്കുന്ന പക്ഷം അതു വളരെ നല്ലതുതന്നെ. നിങ്ങൾ അത് ഗോപ്യമാക്കുകയും അതു ദരിദ്രർക്ക് നല്കുകയുമാണെങ്കിൽ നിങ്ങൾക്ക് അത് ഏറ്റവും നല്ലതാണ്. അതിന്റെ ഫലമായി അവൻ നിങ്ങളുടെ പല തിന്മകളേയും അകറ്റിക്കളയുന്നതുമാണ്. നിങ്ങൾ എന്തു പ്രവർത്തിക്കുന്നുവെന്നത് സംബന്ധിച്ച് അല്ലാഹു സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു. (2:272)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**മസീഹുബ്നുമർയം പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ വന്നതുപോലെ എന്നെ കൃത്യം പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ ഇസ്‌ലാമിന്റെ മസീഹായി അയക്കുകയും എനിക്കായി തന്റെ പ്രബലമായ അടയാളങ്ങൾ കാണിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ വ്യക്തിയെ നേരിടാൻ ആകാശത്തിൻകീഴിൽ മുസ്‌ലിമോ യഹൂദിയോ ക്രിസ്ത്യാനിയോ ആയ ഒരെതിരാളിക്കും ശക്തിയില്ല. ബലഹീനനും നിസ്സാരനുമായ മനുഷ്യന് അല്ലാഹുവിനെ എങ്ങനെയാണ് നേരിടുവാൻ സാധിക്കുക? ഇത് അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള അടിസ്ഥാന ശിലയാകുന്നു. ഈ കല്ലുടയ്ക്കാൻ ആഗ്രഹിക്കുന്ന ആർക്കും അതിനെ ഉടയ്ക്കുവാൻ സാധിക്കുകയില്ല. എന്നാൽ, ഈ കല്ല് അവരുടെമേൽ പതിക്കുമ്പോൾ അത് അവരെ തുണ്ടംതുണ്ടമാക്കിക്കളയുന്നതാണ്. കാരണം കല്ല് അല്ലാഹുവിന്റേതാണ്. കൈയും അല്ലാഹുവിന്റേതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"ഫാത്തിഹ അധ്യായത്തിന്റെ മഹത്തായ ഉദ്ദേശ്യങ്ങളിൽ ഒന്ന്, **ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീമ സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം** എന്ന പ്രാർഥനയാണെന്നും ഓർക്കുക. അതായത് എപ്രകാരം ഇഞ്ചീലിലെ പ്രാർഥനയിൽ അപ്പത്തിനായി അപേക്ഷിക്കപ്പെട്ടുവോ, അതേപ്രകാരം ഈ പ്രാർഥനയിൽ അല്ലാഹുവിനോടു പൂർവ്വിക പ്രവാചകന്മാർക്ക് നല്കപ്പെട്ടിരുന്ന എല്ലാ അനുഗ്രഹങ്ങൾക്കുമായി അർഥിക്കപ്പെടുകയാണ്. ഈ താരതമ്യവും ദർശനയോഗ്യമാണ്. മസീഹിന്റെ പ്രാർഥന സ്വീകരിക്കപ്പെട്ട് ക്രിസ്ത്യാനികൾക്ക് അപ്പത്തിന്റെ സാധനസാമഗ്രികൾ വളരെയധികം കിട്ടിയതുപോലെ ഈ ഖുർആനിക പ്രാർഥന ഹദ്റത്ത് നബി(സ)തിരുമേനി മുഖേന സ്വീകരിക്കപ്പെട്ട് സാത്ത്വികരും സജ്ജനങ്ങളുമായ മുസ്‌ലിംകൾ പ്രത്യേകിച്ചും അവരിൽത്തന്നെയുള്ള സമ്പൂർണവ്യക്തി ബനീ ഇസ്റായീലിലെ പ്രവാചകന്മാർക്ക് പിന്തുടർച്ചാവകാശിയായി നിശ്ചയിക്കപ്പെട്ടു.

വാസ്തവത്തിൽ ഈ ഉമ്മത്തിൽനിന്നുള്ള വാഗ്ദത്ത മസീഹിന്റെ ജനനവും ഇതേ പ്രാർഥനാസ്വീകാര്യതയുടെ ഫലമാണ്. കാരണം ധാരാളം സാത്ത്വികരായ ആളുകൾ ബനീഇസ്റായീൽ പ്രവാചകന്മാരുമായി പരോക്ഷമായ സാദൃശ്യത്തിൽ പങ്കുകാരായിരുന്നു. എന്നാൽ, ഈ ഉമ്മത്തിലെ വാഗ്ദത്ത മസീഹ് വളരെ പ്രത്യക്ഷമായ നിലയിൽ ദൈവകല്പനയും നിർദേശവുമനുസരിച്ച് യിസ്റായേലി മസീഹിന് സദൃശ്യനായി എഴുന്നേല്പിക്കപ്പെട്ടിരിക്കുന്നു; മുഹമ്മദീ പരമ്പരയുടെ സാദൃശ്യം ഗ്രഹിക്കാനായിട്ടാണിത്. ഇതേ ഉദ്ദേശ്യത്തോടുകൂടിയാണ് ഈ മസീഹ്, മർയമിന്റെ പുത്രനുമായി എല്ലാ വശത്തൂടേയും സാദൃശ്യമാക്കപ്പെട്ടിരിക്കുന്നത്. ഏതുവരെയെന്നാൽ ഈ ഇബ്നുമർയമിന്റെ മേൽ പരീക്ഷണവും യിസ്രായേൽക്കാരനായ ഇബ്നുമർയമിനുണ്ടായതുപോലെ വരണം. ഒന്നാമതായി മർയമിന്റെ മകൻ ഈസാ ദൈവത്തിന്റെ ഊത്തുകൊണ്ടാണ് സൃഷ്ടിക്കപ്പെട്ടത്. അതേപോലെ ഈ മസീഹും വിശുദ്ധഖുർആനിലെ തഹ്‌രീം എന്ന അധ്യായത്തിലെ വാഗ്ദാനമനുസരിച്ച് ദൈവത്തിന്റെ ഊത്തുകൊണ്ടുമാത്രം മർയമിന്റെ ഉള്ളിൽനിന്ന് സൃഷ്ടിക്കപ്പെട്ടു. ഈ സബ്നുമർയം ജനിച്ചപ്പോൾ വളരെയധികം ഒച്ചപ്പാടുകളുയർന്നു. ആത്മീയാന്ധത ബാധിച്ച ശത്രുക്കൾ മർയമിനോടു പറഞ്ഞു, **ലഖദ് ജിഅ്ത്തി ശയ്അൻഫരിയ്യാ** നീ മോശമായ കാര്യമാണ് ചെയ്തിരിക്കുന്നത് (മർയം 28). ഇതേ പ്രകാരം ഇവിടേയും പറയപ്പെടുകയും വൻബഹളമുണ്ടാക്കുകയും ചെയ്തു. യിസ്റായേലി മർയമിന്റെ ഗർഭധാരണാവസരത്തിൽ ശത്രുക്കൾക്ക് അല്ലാഹു:

**വലി നജ്അലഹൂ ആയത്തല്ലിന്നാസി വ റഹ്മത്തൻമ്മിന്നാ വകാന അംറൻമ്മഖ്‌ളിയ്യാ** എന്ന മറുപടി നല്കി. ഇതേ മറുപടി അല്ലാഹു എന്നെക്കുറിച്ച് ബറാഹീനെ അഹ്മദിയ്യായിൽ ആലങ്കാരിക നിലയിൽ ആത്മീയമായ ഗർഭധാരണ സമയത്ത് ശത്രുക്കൾക്ക് നല്കി. പറഞ്ഞു: നിങ്ങളുടെ വഞ്ചനാത്മകമായ പ്രവർത്തനങ്ങൾകൊണ്ട് അദ്ദേഹത്തെ നശിപ്പിക്കുവാൻ സാധിക്കുന്നതല്ല. ഞാൻ അദ്ദേഹത്തെ ജനങ്ങൾക്ക് കാരുണ്യത്തിന്റെ ദൃഷ്ടാന്തമാക്കുന്നതാണ്. അപ്രകാരംതന്നെ ആവണമെന്നത് ആരംഭംതൊട്ടുതന്നെ വിധിക്കപ്പെട്ടതാണ്. കൂടാതെ, യഹൂദിപണ്ഡിതന്മാർ ഹദ്റത്ത് ഈസാനബിക്കെതിരെ കുഫ്ർ ഫത്വ പുറപ്പെടുവിക്കുകയും, ദുഷ്ടനായ ഒരു യഹൂദി പണ്ഡിതൻ ഫത്വ തയ്യാർ ചെയ്യുകയും ഇതര പണ്ഡിതന്മാർ അതനുസരിച്ച് ഫത്വ നല്കുകയും ബയ്ത്തുൽ മുഖദ്ദസിലെ നൂറുക്കണക്കായ പണ്ഡിതന്മാർ – ഇവരിൽ അധികപേരും അഹ്‌ലെ ഹദീഥുകാരായിരുന്നു– ഹദ്റത്ത് ഈസാനബിക്കെതിരെ കുഫ്റു ഫത്വയിൽ മുദ്രവെക്കുകയും ചെയ്തതുപോലെ എന്നോടും പെരുമാറി.[1]

ഹദ്റത്ത് ഈസായ്ക്കെതിരെ കുഫ്ർ ഫത്വ നല്കിയ ശേഷം അദ്ദേഹത്തെ വളരെ പീഢിപ്പിച്ചു. വായിൽകൊള്ളാത്ത ചീത്തകൾ പറഞ്ഞു. പരിഹസിച്ചും നിന്ദിച്ചും ഗ്രന്ഥങ്ങൾ എഴുതപ്പെട്ടു. അതേ അവസ്ഥതന്നെയാണ് ഇവിടെയും നേരിടേണ്ടിവന്നത്. 1800 വർഷങ്ങൾക്കുശേഷം അതേ ഈസ വീണ്ടും ജനിച്ചതുപോലെതന്നെ! അതേ യഹൂദികൾ വീണ്ടും ജനിച്ചതുപോലെ! ആഹ്! ഇതേ അർഥമാണ് **ഗയ്‌രിൽ മഗ്ളൂബി അലയ്ഹിം** എന്ന പ്രവചനത്തിന്റേത്. അത് അല്ലാഹു മുൻകൂട്ടിത്തന്നെ മനസ്സിലാക്കിത്തന്നു. എന്നാൽ, യഹൂദികളെപ്പോലെ കോപത്തിന് പാത്രമായവരാകാത്തതുവരെ ഇക്കൂട്ടർ ക്ഷമിച്ചില്ല. ഈ സാദൃശ്യത്തിന്റെ ഒരു കല്ല് അല്ലാഹു സ്വന്തം കൈകൊണ്ട് വച്ചു. അതായത്, മസീഹുബ്നുമർയം പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ വന്നതുപോലെ എന്നെ കൃത്യം പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ ഇസ്‌ലാമിന്റെ മസീഹായി അയക്കുകയും എനിക്കായി തന്റെ പ്രബലമായ അടയാളങ്ങൾ കാണിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ വ്യക്തിയെ നേരിടാൻ ആകാശത്തിൻകീഴിൽ മുസ്‌ലിമോ യഹൂദിയോ ക്രിസ്ത്യാനിയോ ആയ ഒരെതിരാളിക്കും ശക്തിയില്ല. ബലഹീനനും നിസ്സാരനുമായ മനുഷ്യന് അല്ലാഹുവിനെ എങ്ങനെയാണ് നേരിടുവാൻ സാധിക്കുക? ഇത് അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള അടിസ്ഥാന ശിലയാകുന്നു. ഈ കല്ലുടയ്ക്കാൻ ആഗ്രഹിക്കുന്ന ആർക്കും അതിനെ ഉടയ്ക്കുവാൻ സാധിക്കുകയില്ല. എന്നാൽ, ഈ കല്ല് അവരുടെമേൽ പതിക്കുമ്പോൾ അത് അവരെ തുണ്ടംതുണ്ടമാക്കിക്കളയുന്നതാണ്. കാ

( ശേഷം പേജ് 11ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# അഹ്മദിയ്യാ ഫിഖ്ഹ്-12

## നമസ്കാരത്തിന്റെ രണ്ടാമത്തെ നിബന്ധന:

### ത്വഹാറത്ത് അഥവാ ശുദ്ധി:

നമസ്കാരമെന്താണ്? അല്ലാഹുവിന്റെ ദർബാറിൽ ഹാജരാകൽ. ദൈവസാമീപ്യം കരസ്ഥമാക്കുന്നതിന് ശ്രമിക്കൽ. ഇതിന് മനസ്സിന്റെ ആത്മാർഥതയും ഉള്ളിന്റെ പരിശുദ്ധിയും ആവശ്യമുള്ളിടത്ത് ശരീരശുദ്ധിയും വസ്ത്രശുദ്ധിയും ഒരു അനിവാര്യമായ നിബന്ധനയാണ്. എന്തുകൊണ്ടെന്നാൽ നമ്മൾ അഴുക്കും അശുദ്ധവുമായ ശരീരവും വൃത്തിഹീനമായ വസ്ത്രങ്ങളോടുംകൂടി ഒരു ആദരണീയവ്യക്തിയുടെ അടുക്കൽ പോകാൻ ഇഷ്ടപ്പെടാതിരിക്കുകയും അത്തരം വ്യക്തിയെ സ്വയം കാണാൻ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ വൃത്തിഹീനമായ അവസ്ഥയിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ പോകുന്നത് നല്ലതാണെന്ന് എങ്ങനെ പറയാൻ കഴിയും?

ഇതേ പ്രകൃതിയുടെ തേട്ടമനുസരിച്ച് അല്ലാഹുവിനെ നമസ്കരിക്കുന്നതിന് പരിശുദ്ധശരീരവും പരിശുദ്ധവസ്ത്രവും വേണമെന്ന് നിർദേശിച്ചിരിക്കുന്നു. അതുപോലെതന്നെ സ്ഥലശുദ്ധിയും ആവശ്യമാണ്.

ത്വഹാറത്ത് എന്നതിന്റെ ഒരർഥം ശരീരത്തിന്റെ ഒരുഭാഗത്തും നജസ് (അഴുക്ക്) ഉണ്ടാകരുതെന്നാണ്. ഉദാഹരണത്തിന് മലം, മൂത്രം, രക്തം, ചലം, ഛർദ്ദി ഏതെങ്കിലും മൃഗത്തിന്റെ വിസർജം, കോഴിക്കാഷ്ഠം, നിഷിദ്ധമായ മൃഗത്തിന്റേയോ ശവത്തിന്റേയോ മാംസം, നായയുടേയും മറ്റു നിഷിദ്ധമായ മൃഗങ്ങളുടേയും ഉമിനീർ, അവ തിന്നതിന്റെ അവശിഷ്ടം, വഴികളിലെ ശുദ്ധമല്ലാത്ത ചെളി മുതലായവയെല്ലാം യഥാർഥ നജസുകളാണ്. അവയിൽ ഏതെങ്കിലും അഴുക്ക് എന്തെങ്കിലും കാരണത്താൽ ശരീരത്തിന്റെ എവിടെയെങ്കിലും പതിഞ്ഞാൽ വെള്ളംകൊണ്ട് കഴുകി ശരീരത്തെ ശുദ്ധമാക്കേണ്ടതാണ്. നല്ലവണ്ണം ഒരു തവണ കഴുകുന്നത് മതിയായതാണ്. ഇനി മൂന്നുതവണ കഴുകുകയാണെങ്കിൽ കൂടുതൽ നല്ലതായിരിക്കും.

ഈ ബാഹ്യമായ ശുദ്ധിക്കു പുറമെ നമസ്കരിക്കുന്നതിന് കുളിക്കലും വുളു(ക്ഷാളനം) ചെയ്യലും അനിവാര്യമാണ്. കുളിയേയും വുളുവിനേയും ത്വഹാറത്ത് ഹുക്മി (പിഴയ്ക്കാത്ത ശുദ്ധി) എന്നു പറയുന്നു. ഏതൊരു അവസ്ഥ കാരണത്താലാണോ ഈ പരിശുദ്ധി അനിവാര്യമാകുന്നത് ആ അവസ്ഥയുടെ പേരാണ് നജാസത്ത് ഹുക്മി അല്ലെങ്കിൽ ഹദഥ്.

### മൂജിബാത്തെ ഗുസ്ൽ:

### (കുളി നിർബന്ധമാകുന്ന കാരണങ്ങൾ)

ഏതു കാരണത്താലാണോ കുളി നിർബന്ധമാകുന്നത് അതിനാണ് മൂജിബാത്തെ ഗുസ്ൽ എന്നു പറയുന്നത്. അവ ഇതാണ്. സ്ത്രീപുരുഷ സംയോഗം, ഇന്ദ്രിയസ്കലനം, ആർത്തവം, പ്രസവം എന്നീ സന്ദർഭത്തിലുണ്ടാകുന്ന രക്തപ്രവാഹം അവസാനിക്കുക. മാസമുറ, അതായത് പ്രായമായ സ്ത്രീയുടെ പ്രകൃതിപരമായ അവസ്ഥ. ഇക്കാരണത്താൽ ഓരോ മാസവും മൂന്നു മുതൽ 10 ദിവസംവരെ രക്തം വരുന്നു. ഈ രക്തംവരവ് അവസാനിക്കുന്നതോടെ കുളി നിർബന്ധമാകുന്നു. ഈ രക്തംവരാത്ത ദിനങ്ങളെ ശുദ്ധിയുടെ ദിവസം എന്നു പറയുന്നു. പ്രസവിച്ചതിനുശേഷം നഫാസിന്റെ രക്തം വരവ് അവസാനിക്കൽ, നഫാസ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം കുട്ടി ജനിച്ചതിനുശേഷം ഒലിച്ചുകൊണ്ടിരിക്കുന്ന രക്തമാണ്. ഇത് ഏറ്റവും കൂടിയാൽ 40 ദിവസംവരെ നില്ക്കുന്നു. ഏറ്റവും കുറഞ്ഞതിന് അളവൊന്നുമില്ല. ചിലപ്പോൾ രണ്ടുമൂന്നു ദിവസംകൊണ്ട് അവസാനിക്കുന്നതാണ്. ഈ രക്തമൊലിപ്പ് നിലച്ചതിനുശേഷവും കുളിക്കേണ്ടത് നിർബന്ധമാണ്. ഈ അവസ്ഥകളിൽ കുളിക്കാതെ നമസ്കരിക്കുന്നത് അനുവദനീയമല്ല. കഠിനായ തണുപ്പോ രോഗമോ തുടങ്ങിയ കാരണത്താൽ കുളിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടാൽ, അല്ലെങ്കിൽ രോഗം വർധിക്കുമെന്നു കണ്ടാൽ കുളിക്കുന്നതിനു പകരം തയമ്മും ചെയ്യാൻ അനുവാദമുണ്ട്.

നമസ്കാരത്തിന്റെ അവസ്ഥ ആന്തരികമായ ശുദ്ധി, ആത്മീയമായ ആനന്ദം ബാഹ്യമായ ശുദ്ധിയും ശാരീരികമായ സന്നദ്ധതയും ആഗ്രഹിക്കുന്നു. എന്നാൽ, അശുദ്ധിയുടെ അവസ്ഥ ശരീരത്തിൽ ഇടിവ്, ബലഹീനത, ക്ഷീണം, ആത്മീയമായ അലസത എന്നിവയ്ക്ക് കാരണമാകുന്നു. കുളിക്കുന്നതുകൊണ്ട് ഈ അവസ്ഥ നീങ്ങിപ്പോകുന്നതായിരിക്കും. ശരീരത്തിന് ഉത്സാഹവും ഉന്മേഷവും ഉണ്ടാകുന്നതാണ്. പൂർണമായ പ്രസന്നതയോടുകൂടി മനുഷ്യൻ നമസ്കാരത്തിന് നില്ക്കുന്നതാണ്. ഇപ്രകാരം സൂക്ഷ്മമായ വികാരങ്ങൾക്കും പരിശുദ്ധമായ ആത്മചൈതന്യങ്ങൾക്കും ആത്മീയമായ സംഭവങ്ങൾക്കും അവൻ പാത്രമാകുന്നതായിരിക്കും. അത് നമസ്കാരത്തിന്റെ യഥാർഥ ഉദ്ദേശ്യമാണ്.

അമുസ്ലിം ഇസ്ലാം സ്വീകരിച്ചശേഷം നമസ്കാരം തുടങ്ങുമ്പോൾ ആദ്യം കുളിക്കുകയും വുളു ചെയ്യുകയും അതിനുശേഷം നമസ്കാരം തുടരുകയും വേണം; ഇസ്ലാം സ്വീകരിച്ചതിനുശേഷം ആദ്യമായി അല്ലാഹുവിന്റെ തിരുസന്നിധിയിൽ പോകുമ്പോൾ ആന്തരികമായ പരിശുദ്ധിയോടൊപ്പം ബാഹ്യമായ നിലയിലും ശുദ്ധവും നിർമ്മലവും ആയിരിക്കാനാണിത്. ഇതിനു പുറമെ രജസ്വലതയുടേയും രക്തസ്രാവത്തിന്റേയും ദിനങ്ങളിൽ നമസ്കരിക്കുക, വിശുദ്ധഖുർആൻ പാരായണം ചെയ്യുക, നോമ്പുപിടിക്കുക എന്നത് അനുവദനീയമല്ല. അപ്പോൾ നമസ്കാരം മാപ്പാണ്. ഇക്കാരണത്താൽ റമളാനിലെ പിടിക്കാൻ പറ്റാത്ത നോമ്പുകൾ പിന്നീട് പിടിച്ചുവീട്ടേണ്ടത് നിർബന്ധമാണ്. ജനിക്കുന്ന കുട്ടിയേയും കുളിപ്പിക്കേണ്ടത് നിർബന്ധമാണ്. മയ്യിത്ത് സംസ്കരണത്തിനും കഫൻ പൊതിയുന്നതിനുമുമ്പേ ശുദ്ധവും നിർമലവുമായ അവസ്ഥയിൽ ജനാസ നമസ്കരിക്കുന്നതിന് മയ്യിത്തിനെ കുളിപ്പിക്കേണ്ടതും നിർബന്ധമാണ്; പിന്നീട് മയ്യിത്ത് ഖബ്റടക്കുക.

ഇതിനുപുറമെ ജുമുഅ ദിവസവും പെരുന്നാൾ ദിവസവും ഹജ്ജിന് ഇഹ്റാൻ കെട്ടുമ്പോഴും അറഫ മൈതാനത്ത് നില്ക്കുന്നനേരത്തും കുളിക്കുന്നത് സുന്നത്താക്കപ്പെട്ട കാര്യമാണ്. ഇപ്രകാരംതന്നെ രോഗത്തിൽനിന്ന് ശിഫാ കിട്ടിയതിനുശേഷവും കുളിക്കുക എന്നത് ആരോഗ്യത്തിനും ബർക്കത്തിനും നിമിത്തമാണ്. മയ്യിത്ത് കുളിപ്പിക്കുന്നവർ പിന്നീട് കുളിക്കേണ്ടതാണ്. കാലാവസ്ഥ പരിഗണിച്ചുകൊണ്ട് നിത്യവും അല്ലെങ്കിൽ ഇടയ്ക്കിടെ കുളിച്ചുകൊണ്ടിരിക്കുക. ഇത് ആരോഗ്യത്തിന്റേയും വൃത്തിയുടേയും അടിസ്ഥാനത്തിൽ വളരെ ഫലപ്രദമാണ്.

### കുളിയുടെ ഫർളുകൾ:

മൂന്ന് ഫർളുകളാണ് കുളിക്കുള്ളത്.

(1) കുലുക്കുഴിയുക. (2) വെള്ളംകൊണ്ട് മൂക്ക് വൃത്തിയാക്കുക (3) അതിനുശേഷം ശരീരം മുഴുവൻ വെള്ളമൊഴിക്കുക; ശരീരത്തിന്റെ ഒരു ഭാഗവും വെള്ളം തട്ടാതിരിക്കരുത്. സ്ത്രീയുടെ തലമുടി ഇടതിങ്ങിയതും ചുരുണ്ടതുമാണെങ്കിൽ അവ അഴിക്കുകയും മുഴുവൻ മുടിയും നനയുകയും ചെയ്യേണ്ടത് നിർബന്ധമില്ല. മറിച്ച്, തലയിൽ മൂന്നുതവണ വെള്ളമൊഴിച്ച് തടവുന്ന രീതിയിൽ തലയിൽ കൈയോടിച്ചാൽ മതിയായതാണ്.

കുളിയുടെ സുന്നത്താക്കപ്പെട്ട മാർഗം ഇങ്ങനെയാണ്. കുളിക്കുന്നവൻ കാലാവസ്ഥയനുസരിച്ച് ചൂടുള്ളതോ തണുപ്പുള്ളതോ ആയ നിർമലമായ വെള്ളം ഉപയോഗിക്കുക. ആദ്യം ശൗച്യം ചെയ്യുക. പിന്നീട് വുളു ചെയ്യുക. അതായത് ബിസ്മില്ലാഹ് ചൊല്ലി കൈകഴുകുക. അതിനുശേഷം കുലുക്കുഴിയുക. മൂക്കിൽ വെള്ളം കയറ്റി ചീറ്റുക. മുഖവും കൈമുട്ടുവരെ കൈയും കഴുകുക. തല തടവുക. പിന്നീട് ശരീരത്തിൽ മൂന്നുവട്ടം വെള്ളമൊഴിക്കുക. ആദ്യം വലതു വശത്ത്, പിന്നീട് ഇടതുവശത്തും. കുളിക്കുന്നനേരത്ത് ശരീരം നല്ലവണ്ണം തേച്ചുകുളിക്കേണ്ടതാണ്. ഇപ്രകാരംതന്നെ നല്ല സോപ്പോ അഴുക്ക് കളയാനുള്ള എന്തെങ്കിലും ഫലപ്രദമായ വസ്തു ഉപയോഗിക്കലും കുളിയുടെ കാര്യങ്ങളിൽപെട്ടതാണ്. ഏതവസ്ഥയിലാണോ കുളി നിർബന്ധമാകുന്നത്, ആ അവസ്ഥയിൽ കുളിക്കാതെ മനുഷ്യൻ നമസ്കരിക്കാനോ വിശുദ്ധഖുർആൻ പാരായണം ചെയ്യാനോ മസ്ജിദിൽ പോകാനോ പാടില്ല.

### ശുചിമുറിയും ശൗച്യം ചെയ്യലും:

മറയ്ക്കിരിക്കുന്ന നേരത്തും എഴുന്നേല്ക്കുമ്പോഴും മറ പരിഗണിക്കേണ്ടത് അനിവാര്യമാണ്. ഒന്നുകിൽ നിർമിക്കപ്പെട്ടിട്ടുള്ള വൃത്തിയും വെടിപ്പുമുള്ള ശുചിമുറിയിൽ പോകുക. അല്ലെങ്കിൽ അകലത്തുള്ള വനത്തിൽ മറയുള്ള സ്ഥലത്ത് പോകുക. ആളുകൾ നടക്കുന്ന വഴിയിൽ, തണലുള്ള സ്ഥലങ്ങളിൽ, ജോലിക്കും വിശ്രമത്തിനും ആളുകൾ വന്നിരിക്കുന്ന മരത്തിന്റെ കീഴിൽ, മറയ്ക്കിരിക്കാൻ പാടില്ല. ഇപ്രകാരംതന്നെ ശുചിമുറിയിൽ നഗ്നപാദരായി പോകരുത്. മറിച്ച്, ചെരിപ്പോ, ചപ്പലോ ഇട്ടുപോകേണ്ടതാണ്. ശൗച്യം ചെയ്യലിനും ശുദ്ധിയാക്കുന്നതിനും വെള്ളത്തിനുള്ള ഏർപാടുണ്ടാക്കേണ്ടതാണ്. വെള്ളം കിട്ടിയില്ലെങ്കിൽ മൺകട്ടയോ അതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള പേപ്പറോ കൂടെകൊണ്ടുപോകുക. കുറഞ്ഞത് മൂന്നുപ്രാവശ്യം ഉപയോഗിക്കുക. ശൗചിക്കേണ്ടത് ഇടതു കൈകൊണ്ടാണ്; വലതുകൈ ഉപയോഗിക്കരുത്.

ശുചിമുറിയിൽ കാലു വെക്കുന്നതിനു മുമ്പേ **അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിനൽ ഖുബ്ഥി വൽഖബാഇഥി** അതായത് അല്ലാഹുവേ! ചീത്ത ബാധകളിൽനിന്നും വൃത്തികെട്ട തരത്തിലുള്ള രോഗങ്ങളിൽനിന്നും ഞാൻ നിന്നെ അഭയം പ്രാപിക്കുന്നുവെന്ന് ദുആ ചെയ്യുക. ആദ്യം ഇടത്തെ കാൽ ഉള്ളിൽ വെക്കുക. കഴിയുന്നിടത്തോളം ഖിബ്ലയ്ക്കുനേരെ മുഖം തിരിച്ച് ഇരിക്കാതിരിക്കുക. അല്ലെങ്കിൽ പൃഷ്ടം കാണിച്ച്. മലമൂത്ര വിസർജനം ചെയ്യുമ്പോൾ സംസാരിക്കാൻ പാടില്ല. എല്ലാം കഴിഞ്ഞിറങ്ങുമ്പോൾ ആദ്യം വലതുകാൽ വെളിയിൽ വെക്കുകയും ഒപ്പം **ഗുഫ്റാനക്കൽഹംദുലില്ലാഹില്ലദീ അദ്ഹബ് അനിൽ അദാ** എന്നു പറയുകയും

(ശേഷം പേജ് 8ൽ)

# ഖുത്ബ ജുമുഅ

**അല്ലാഹുവിന്റെ കൃപയാൽ, ബെൽജിയം അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ സാലാന ഇന്നു മുതൽ ആരംഭിക്കുകയാണ്. കുറേ കാലത്തിനു ശേഷ മാണ് ഞാൻ നിങ്ങളുടെ ജൽസയിൽ പങ്കെടുക്കുന്നത്. ഇക്കാലയളവിൽ ജമാഅത്തിന് വർധന ഉണ്ടായിട്ടുണ്ട്. ലോകത്തിലെ മറ്റു ജമാഅത്തുകളെപ്പോലെ ദൈവകൃപയാൽ ഇവിടെ ജമാഅത്ത് വളരുകയും ചെയ്തിട്ടുണ്ട്.**

**ഇതിനുപുറമെ മറ്റു ധാരാളം കാര്യങ്ങളിൽ ഇവിടെ അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി, മിഷൻ ഹൗസുകളിൽ വർധന ഉണ്ടായിരിക്കുന്നു. മസ്ജിദുകളുടേയും നമസ്കാര കേന്ദ്രങ്ങളുടേയും എണ്ണം വർധിച്ചിരിക്കുന്നു. ബ്രസൽസ് മസ്ജിദിന്റെ നിർമാണം ഏതാണ്ട് അവസാനഘട്ടത്തിലാണ്. അതും വളരെ മനോഹരമായ മസ്ജിദാണ്. മിനിയാന്ന് ആൾക്കനിൽ(Alken) ഞാനൊരു മസ്ജിദ് ഉദ്ഘാടനം ചെയ്തു. വളരെ വിശാലമായ സ്ഥലവും കെട്ടിടവും അല്ലാഹു ജമാഅത്തിനു നല്കി. ഇവിടെ ജമാഅത്തിനുമേൽ വലിയ അനുഗ്രഹം ഉണ്ടായിട്ടുള്ളത് ബാഹ്യമായി നമ്മൾ കാണുന്നു. എന്നാൽ, അല്ലാഹുവിന്റെ ഈ അനുഗ്രഹം, നാം ദൈവകല്പനകളെ മനസ്സിലാക്കുകയും വിശ്വസിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നതാണെന്ന ബോധ്യം ജമാഅത്തംഗങ്ങളിൽ സംജാതമാക്കുന്നതായിരിക്കണം. ബാഹ്യമായ നിലയിൽ മാത്രമല്ല, യഥാർഥമായ നിലയിലും മുൻപത്തെക്കാൾ നാം മെച്ചപ്പെട്ടവരാകണം.**

**ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും ജൽസയുടെ ഈ ഉദ്ദേശ്യം മുന്നിൽ വെക്കേണ്ടതാണ്; നമ്മൾ അല്ലാഹുവിനോടു ഏറ്റവും സമീപസ്ഥരായിരിക്കണം. ദീനിനെ മുന്തിക്കുന്നവരാകണം. ലോകത്ത് ജീവിച്ചുകൊണ്ട് ലോകത്തെ ദീനിന്റെ സേവകരാക്കുന്നവരാകണം. ഈ ആത്മാവ് കേവലം നിങ്ങളുടെ ഉള്ളിൽ സൃഷ്ടിച്ചാൽപോര, പ്രത്യുത അല്ലാഹു നമ്മളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്നും മനുഷ്യ ജീവിതത്തിന്റെ ഉദ്ദേശ്യമെന്താണെന്നുമുള്ള ആത്മാവ് നിങ്ങളുടെ മക്കളിലും ഊതുക. തലമുറ തലമുറയായി നിങ്ങളുടെ മക്കളുടെ മനസ്സുകളിൽ ഇക്കാര്യം കുടിയിരുത്തിക്കൊണ്ടുപോകുക. ദുൻയാവിനെ ദീനിന്റെ സേവകരാക്കുന്നതിനുള്ള അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് നടക്കാൻ ശ്രമിക്കുക. ഈ അവസാന കാലഘട്ടത്തിൽ നമ്മുടെ പരിഷ്കരണത്തിനും നമ്മളിൽ അനുഗ്രഹം ചൊരിഞ്ഞുകൊണ്ടും അല്ലാഹു ഏതൊരു മസീഹ് മൗഊദിനേയും മഹ്ദിയെ മഅ്ഹൂദിനേയുമാണോ അയച്ചത് അദ്ദേഹത്തിന്റെ ബയ്അത്തിൽ വന്നുകൊണ്ട് എപ്പോഴും ഇക്കാര്യങ്ങളനുസരിച്ച് കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുക. ഇതിലാണ് നമുക്ക് ബഖാ അഥവാ അനശ്വരത ഉള്ളത്. ഇതിൽതന്നെയാണ് നമ്മുടെ മക്കളുടെ അനശ്വരതയുമുള്ളത്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ ഉദ്ധരിച്ച് ജൽസ സാലാനയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ ചർച്ച. ഇതിന്റെ അടിസ്ഥാനത്തിൽ ജമാഅത്തംഗങ്ങൾക്ക് സുപ്രധാന ഉപദേശങ്ങൾ**

**പാക്കിസ്താനിൽ ജൽസകളുടെമേൽ നിയന്ത്രണമുണ്ട്. അവിടെത്തെ ആളുകൾ അതിൽ നിന്ന് തടയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ചുരുങ്ങിയപക്ഷം ഖുത്ബകളെങ്കിലും പതിവായി കാണുകയും കേൾക്കുകയും ചെയ്യുക. ജൽസകളും കാണുക. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക. നിയന്ത്രണങ്ങളെ ഒരു പരിധിവരെ മറികടക്കുന്നതിന് ഒരു മാർഗം അല്ലാഹു ഇങ്ങനെ തുറന്നുതന്നിരിക്കുകയാണ്. ജൽസയുടെ പരിപാടികൾ എം.ടി.എയിലൂടെ കണ്ടും കേട്ടും അതിൽനിന്ന് ഫലമെടുക്കാൻ ശ്രമിക്കുക. അങ്ങനെ അറുപത് എഴുപത് ശതമാനം ദാഹമെങ്കിലും അകറ്റാൻ കഴിയും. വിചാരിച്ചാൽ നൂറു ശതമാനം പരിശുദ്ധമാറ്റം ഉണ്ടാക്കാനും സാധിക്കുന്നതാണ്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 സെപ്റ്റംബർ 14/1397 തബൂക് 14**
**Dilbeek (ബ്രസിൽസ് ബെൽജിയം)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

അല്ലാഹുവിന്റെ കൃപയാൽ, ബെൽജിയം അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ സാലാന ഇന്നു മുതൽ ആരംഭിക്കുകയാണ്. കുറേ കാലത്തിനു ശേഷമാണ് ഞാൻ നിങ്ങളുടെ ജൽസയിൽ പങ്കെടുക്കുന്നത്. ഇക്കാലയളവിൽ ജമാഅത്തിന് വർധന ഉണ്ടായിട്ടുണ്ട്. ലോകത്തിലെ മറ്റു ജമാഅത്തുകളെപ്പോലെ ദൈവകൃപയാൽ ഇവിടെ ജമാഅത്ത് വളരുകയും ചെയ്തിട്ടുണ്ട്. പാക്കിസ്താനിൽനിന്ന് ഇവിടെ ഹിജ്റത്ത് ചെയ്ത് വരുന്നവരും പുതിയതായി ധാരാളം ചേർന്നിട്ടുണ്ട്. ഇതിനുപുറമെ മറ്റു ധാരാളം കാര്യങ്ങളിൽ ഇവിടെ അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി, മിഷൻ ഹൗസുകളിൽ വർധന ഉണ്ടായിരിക്കുന്നു. മസ്ജിദുകളുടേയും നമസ്കാര കേന്ദ്രങ്ങളുടേയും എണ്ണം വർധിച്ചിരിക്കുന്നു. ബ്രസൽസ് മസ്ജിദിന്റെ നിർമാണം ഏതാണ്ട് അവസാനഘട്ടത്തിലാണ്. അതും വളരെ മനോഹരമായ മസ്ജിദാണ്. മിനിയാന്ന് ആൾക്കനിൽ(Alken) ഞാനൊരു മസ്ജിദ് ഉദ്ഘാടനം ചെയ്തു. വളരെ വിശാലമായ സ്ഥലവും കെട്ടിടവും അല്ലാഹു ജമാഅത്തിനു നല്കി. ഇവിടെ ജമാഅത്തിനുമേൽ വലിയ അനുഗ്രഹം ഉണ്ടായിട്ടുള്ളത് ബാഹ്യമായി നമ്മൾ കാണുന്നു. എന്നാൽ, അല്ലാഹുവിന്റെ ഈ അനുഗ്രഹം, നാം ദൈവകല്പനകളെ മനസ്സിലാക്കുകയും വിശ്വസിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നതാണെന്ന ബോധ്യം ജമാഅത്തംഗങ്ങളിൽ സംജാതമാക്കുന്നതായിരിക്കണം. ബാഹ്യമായ നിലയിൽ മാത്രമല്ല, യഥാർഥമായ നിലയിലും മുൻപത്തെക്കൾ നാം മെച്ചപ്പെട്ടവരാകണം. നമ്മുടെ ഓരോ ദിനവും ഓരോ ചുവടും നന്മയിലും തഖ്വയിലും വാഗ്ദത്ത മസീഹിന്റെ നിയോഗലക്ഷ്യം പൂർത്തിയാക്കുന്നതിലും മുൻപത്തെക്കാൾ മികവു പുലർത്തിക്കൊണ്ട് മുന്നോട്ടുതന്നെ കുതിക്കുന്നതായി കാണണം. സ്വന്തം തിന്മകളെ പിന്തള്ളിക്കൊണ്ട് നന്മകളുടെ പുതിയ നിലകൾ കീഴടക്കിക്കൊണ്ടിരിക്കുക. ഈ കാര്യങ്ങൾ ജമാഅത്തംഗങ്ങളിൽ കാണപ്പെടുന്നുവെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗലക്ഷ്യം നാം പ്രാപിച്ചു അല്ലെങ്കിൽ പ്രാപിക്കാൻ നാം ശ്രമിക്കുന്നു അതല്ലെങ്കിൽ വാഗ്ദത്ത മസീഹുമായുള്ള ബയ്അത്തിന്റെ കടമ നിർവഹിക്കാൻ ശ്രമിക്കുന്നുവെന്നു പറയാം.

അതിനാൽ ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട് എപ്പോഴും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ട ആവശ്യമുണ്ട്; പ്രത്യേകിച്ചും ഈ വികസിതവും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ മതപരമായ നിയന്ത്രണങ്ങളും ദൈവകല്പനകളിൽനിന്ന് സ്വതന്ത്രവുമായ രാജ്യങ്ങളിൽ! ഇവിടെ മതപരമായ കല്പനകൾ പാലിക്കണമെന്നോ അല്ലാഹുവിന്റെ കാല്പനകൾ പാലിക്കണമെന്നോ ഉള്ള ഒരു ചിന്തയുമില്ല. ഈ രാജ്യം അവയിൽനിന്നെല്ലാം സ്വതന്ത്രമാണ്. ഈ രാജ്യങ്ങളിൽ പ്രത്യേകമായ നിലയിൽ ശ്രദ്ധിക്കേണ്ടതും പരിശ്രമിക്കേണ്ടതുമായ ആവശ്യമുണ്ട്. ഇല്ലെങ്കിൽ ദീനിന്റെ പേരിൽ ഇവിടെ വന്നിട്ട് അല്ലാഹു പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് ഒരു പ്രാധാന്യവും നല്കാതിരിക്കുകയും ഭൗതികതയിൽ മുഴുകുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ വെറുപ്പിന് പാത്രമാക്കുന്നതാണ്. ഇവിടെ വന്നിട്ടുള്ളവരിൽ ഭൂരിഭാഗവും ദീനിന്റെ പേരിലാണ് വന്നിരിക്കുന്നത്. നിങ്ങൾക്ക് നിങ്ങളുടെ രാജ്യത്ത് നിങ്ങളുടെ മതമനുസരിച്ച് കർമങ്ങൾ ചെയ്യാൻ സ്വാതന്ത്ര്യമില്ലെന്ന കാരണത്താലാണ് ഇവിടെ വന്നിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യം എപ്പോഴും ഓർമിക്കേണ്ടതാണ്. ഇവിടെ വരികയും ദീനിന്റെപേരിൽ വരികയും അല്ലാഹുവിന്റെ പേരിൽ വരികയും എന്നിട്ട് അല്ലാഹുവിന്റെ കല്പനയനുസരിച്ച് നടക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അത് അല്ലാഹുവിന്റെ വെറുപ്പിന് പാത്രമാക്കുന്നതാണ്. പക്ഷേ, മനുഷ്യൻ ബലഹീനനാണ്. അതുകൊണ്ട് ആ ബല

ഹീനത കാരണത്താൽ ഭൗതികതയിലേക്കുള്ള ചായ്‌വും ഉണ്ടായിപ്പോകുന്നു. ഒരു പരിധിവരെ ഭൗതികതയിലേക്ക് ശ്രദ്ധിക്കുന്നതും ദുൻയാവ് സമ്പാദിക്കുന്നതും തെറ്റൊന്നുമല്ല. എന്നാൽ, ദുൻയാവിനുമേൽ ലൗകികരെപ്പോലെ വീഴുന്നതിനെയാണ് അല്ലാഹു വിലക്കിയിരിക്കുന്നത്.

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദും(അ) നമ്മളോടു വളരെ തുറന്ന് നിലയിൽ പറഞ്ഞിട്ടുണ്ട്. ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു: “അല്ലാഹു ലൗകികവൃത്തികളിൽ ഏർപ്പെടുന്നത് അനുവദിച്ചിരിക്കുന്നു. ഭൗതികജോലികൾ, വ്യവഹാരങ്ങൾ, തിരക്കുകളെല്ലാം അനുവദനീയമാണ്. അതിലൊന്നും ഒരു പാപവുമില്ല. ഇതില്ലായിരുന്നുവെങ്കിൽ ഈ മാർഗത്തിലൂടെയും പരീക്ഷണം വരുന്നതാണ്. ഈ പരീക്ഷണം കാരണം മനുഷ്യൻ കള്ളനും ചൂതുകളിക്കാരനും വഞ്ചകനും കൊള്ളക്കാരനുമൊക്കെ ആയിക്കൊണ്ട് എന്തൊക്കെ ദുശ്ശീലങ്ങളെയാണ് അവലംബിക്കുമായിരുന്നത്. എന്നാൽ, ഓരോ സംഗതിക്കും ഒരു പരിധിയുണ്ട്. ലൗകികവൃത്തികളെ അവ ദീനിന്റെ മാർഗത്തിൽ നിങ്ങൾക്ക് സഹായത്തിനുള്ള സാഹചര്യം ഉണ്ടാക്കുവോളം സ്വായത്തമാക്കുകയും അതിൽ ദീൻ ആത്യന്തികലക്ഷ്യം ആയിരിക്കുകയും വേണം.’ പറഞ്ഞു: ‘അതിനാൽ ലൗകികപ്രവൃത്തികളെയും നാം വിലക്കുന്നില്ല. ഭൗതികമായ ജോലികൾ വിരോധമല്ല. ഭൗതിക്മായ തിരക്കുകൾ വിരോധമല്ല. പക്ഷേ, നിബന്ധന യഥാർഥ ലക്ഷ്യം ദീനായിരിക്കേണ്ടതാണ്. അതിനാൽ ഒരു മതവിശ്വാസിക്ക്, ദീനിലൂടെ സഞ്ചരിക്കുന്നവനാണെന്ന് അവകാശപ്പെടുന്ന ഒരുവന് അടിസ്ഥാനപരമായ നിയമം ദുൻയാവ് സമ്പാദിക്കുകയും ജീവിതാവശ്യങ്ങൾ പൂർത്തിയാക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുക എന്നതാണ്. നിങ്ങളുടെ ഭാര്യാമക്കളുടെ ചെലവുകളും നിങ്ങളുടെ ഉത്തരവാദിത്തങ്ങളും നിറവേറ്റുക. ഇത് നിങ്ങളുടെ ചുമതലയാണ്. അവർക്കുവേണ്ടി ഭൗതികജോലികളെടുക്കേണ്ടതും പണികൾ ചെയ്യേണ്ടതും നിർബന്ധമാണ്. പക്ഷേ, ദിനീപരമായ ചിന്ത ഇല്ലാതെയും മുഴുവൻ ചിന്തകളും ദുൻയാവിന് ചുറ്റും കറങ്ങിക്കൊണ്ടിരിക്കുകയും ചെയ്യും വിധം ഈ ജോലിയും ഉദ്യോഗവും തൊഴിലും ആകാൻ പാടില്ല. ദൈവകല്പനപ്രകാരം ഭാര്യയോടും കുട്ടികളോടും അല്ലാഹുവിന്റെ അടിയാറുകളോടുമുള്ള കടമ നിർവഹിക്കാൻ വേണ്ടിയാണ് ദുൻയാവ് സമ്പാദിക്കേണ്ടത്. അതു അല്ലാഹുവിന്റെ ദീനിനെ സേവിക്കാനായിരിക്കണം. ഇതാണ് ലക്ഷ്യമെങ്കിൽ ദീനും ദുൻയാവും ലഭിക്കുന്നതാണ്.’ അവിടന്ന് പിന്നെ ഇങ്ങനേയും പറഞ്ഞു: ‘രാവും പകലും ഭൗതികജീവിതവൃത്തിയിലും കലഹങ്ങളിലും മുഴുകിക്കൊണ്ട് അല്ലാഹുവിന്റെ കോളവും ഭൗതികതകൊണ്ട് മാത്രം നിറയ്ക്കാൻ പാടില്ല. അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുണ്ടുന്ന നേരവും ഭൗതികജോലി കളിൽ ചെലവഴിക്കരുത്. ആരെങ്കിലും അങ്ങനെ ചെയ്യുകയാണെങ്കിൽ അവൻ അനുഗ്രഹങ്ങൾ സ്വയം കൊട്ടിയടക്കുകയാണ് ചെയ്യുന്നത്. അവന്റെ നാവിൽ വെറും വാദം മാത്രമാണുള്ളത്. (മൽഫൂദാത്ത് വാള്യം 2, പേജ് 73, 1985 ലണ്ടൻ പതിപ്പ്).

അതിനാൽ ഭൗതികതയിൽ മുങ്ങിയാൽ ദീനിൽനിന്ന് പിന്തള്ളപ്പെട്ടുപോയി. ദീനിൽനിന്ന് പിന്തളളപ്പെട്ടുപോയാൽ മതവിശ്വാസിയാണെന്നുള്ള വാദവും ബയ്അത്ത് ചെയ്തുവെന്നുള്ള വാദവും അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്നുള്ള വാദവും വാദങ്ങൾ മാത്രമാണ്. അതിനെക്കാളുപരി അതിന് ഒരു വിലയുമില്ല, അതിൽ ഒരു യാഥാർഥ്യവുമില്ല. പറയുമ്പോൾ നമ്മൾ അഹ്മദികളാണ്. പക്ഷേ, നമ്മൾ ഭൗതികയിലേക്ക് കൂടുതൽ ചാഞ്ഞാൽ, കൂടുതൽ അതിൽ മുങ്ങിത്താണാൽ നമ്മുടെ കർമങ്ങൾ മറ്റുള്ളവരുടേത് തന്നെയാണ്.

ദുൻയാവ് സമ്പാദിക്കുന്നത് ദീൻ ലക്ഷ്യം വെച്ചു കൊണ്ടായിരിക്കണമെന്ന് വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റൊരിടത്ത് പറയുന്നു: ‘ഇസ്‌ലാം സന്യാസത്തെ വിലക്കിയിരിക്കുന്നു. ഇത് ഭീരുക്കളുടെ പ്രവൃത്തിയാണ്. ഭൗതികലോകവുമായി ബന്ധം മുറിക്കുക എന്നത് ഭീരുക്കളുടെ ജോലിയാണ്. ഇഹലോകവുമായി വിശ്വാസിയുടെ ബന്ധം വിശാലമാകുന്നതനുസരിച്ച് അവന്റെ ആത്മീയോന്നതിക്ക് അത് കാരണമാകുന്നു. എന്തെന്നാൽ, അവന്റെ പരമലക്ഷ്യം ദീൻ ആണ്. ഈ ലോകവും അതിലെ സമ്പത്തും പ്രതാപവുമെല്ലാം ദീനിന്റെ സേവകരാണ്.’ അതായത് ഭൗതികമായ അനുഗ്രഹവും ലോകത്ത് ലഭിച്ചിട്ടുള്ള പ്രതാപവും നിലയും സമ്പത്തും എല്ലാം ഒരു സത്യവിശ്വാസിയെ ഭൗതികത പ്രകടിപ്പിക്കാനുള്ള മാർഗം ആക്കുകയില്ല, മറിച്ച് ഈ എല്ലാ കാര്യങ്ങളും ദീനിന്റെ സേവകരെന്ന നിലയിൽ പ്രവൃത്തിക്കുന്നു. അവന്റെ വിലയും നിലയും ദീനിന്റെ ഗുണത്തിനുവേണ്ടിയായിരിക്കും. അവന്റെ സമ്പത്തും ദീനിന്റെ ഗുണത്തിനുവേണ്ടിയായിരിക്കും. ദുൻയാവിലെ സമ്പത്ത് ദീനിന്റെ ഉന്നതനിലകളിലേക്ക് എത്തുന്നതിന് മനുഷ്യന് ഇരുന്നു പോകാനുള്ള വാഹനമാണെന്നാണ് ആ മഹാത്മാവ് വിവരിച്ചതിന്റെ ചുരുക്കം.

ലക്ഷ്യസ്ഥാനംവരെ എത്തുന്നതിന് മനുഷ്യൻ പാഥേയമെടുക്കുകയും നല്ല യാത്രാവാഹനവും യാത്ര സുഗമമാക്കുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കുകയും ചെയ്യുന്നതുപോലെ ദുൻയാവ് കരസ്ഥമാക്കി ഉപയോഗിക്കുകയും അതിനെ ദീനിന്റെ സേവകനാക്കുകയും ചെയ്യുക. സ്വയം ഭൗതികതയുടെ സേവകരായി ദീനിനെ ഉപേക്ഷിക്കുന്നവരാകരുത്.’ പിന്നീട് പറഞ്ഞു: ‘അല്ലാഹു ഈ ദുആ പഠിപ്പിച്ചിരിക്കുന്നു: **റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ ഫിൽ ആഖിറത്തി ഹസനത്തൻ** ഈ ദുആയിലും ഇഹലോകത്തെയാണ് ആദ്യം പരാമർശിച്ചിരിക്കുന്നത്. പക്ഷേ, ഏത് ദുൻയാവിനെ? പറഞ്ഞു: ഹസനത്തുദ്ദുൻയായെ മുന്തിച്ചിരിക്കുന്നു. അത് ആഖിറത്തിൽ നന്മകൾക്ക് കാരണമാകണം. വിശ്വാസി ഐഹിക സുഖം തേടുമ്പോൾ പരലോകനന്മയെ മുൻനിറുത്തിയായിരിക്കണമെന്ന് ഈ ദുആ പഠിപ്പിക്കുന്നു. അതോടൊപ്പം ഹസനത്തുദ്ദുൻയാ (ഇഹ ലോകനന്മ) എന്ന വാക്കിൽ വിശ്വാസി ഐഹിക സുഖം തേടുമ്പോൾ അവലംബിക്കേണ്ട എല്ലാ നല്ല മാർഗങ്ങളെക്കുറിച്ചും പരാമർശിക്കപ്പെട്ടിരിക്കുന്നു. ദുൻയാവ് നേടുമ്പോൾ നന്മയും അഭിവൃദ്ധിയും മാത്രമുള്ള വഴികളെ അവലംബിക്കുക. ആ വഴികൾ മറ്റു മനുഷ്യരുടെ പ്രയാസങ്ങൾക്ക് കാരണമാകുന്നതാവരുത്. സ്വന്തം വർഗത്തിന്റെ അപമാനത്തിനും അവഹേളനയ്ക്കും ഹേതുവാകരുത്. അങ്ങനെയുള്ള ഐഹികസുഖം തീർച്ചയായും പരലോകനന്മയ്ക്ക് കാരണമാകും.’(മൽഫൂദാത്ത് വാള്യം 2,പേജ് 91–92, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ പരലോകനന്മയ്ക്ക് ഹേതുവാകുന്ന ഐഹികസുഖം സമ്പാദിക്കാൻ നമ്മൾ ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. ഇവിടെത്തെ വർണങ്ങളിൽ ആകർഷിതരായി തങ്ങളുടെ ഉദ്ദേശ്യം മറക്കുന്നവരാകരുത്. പരലോകത്ത് നന്മകൾ എടുക്കുന്നതിനുപകരം അല്ലാഹുവിന്റെ വെറുപ്പിന് നിമിത്തമാകരുത്. ദുൻയാവിലെ ആഢംബരങ്ങളും ആസ്വാദ്യങ്ങളും എന്നു പറയുന്നത് മനുഷ്യനിൽ കൂടുതൽ അസ്വസ്ഥതകൾ ഉണ്ടാക്കുന്നതാണ്. തനിക്ക് ഇഹലോകത്ത് സമാധാനം കിട്ടിയേക്കാമെന്ന് മനുഷ്യൻ ധരിക്കുന്നു. പക്ഷേ, യഥാർഥത്തിൽ സമാധാനമല്ല. മറിച്ച് അസ്വസ്ഥതകളാണുണ്ടാകുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ‘ബാഹ്യമായ വല്ല സമ്പത്തോ ഭരണമോ മാനമോ സന്താനങ്ങളുടെ ആധിക്യമോ ഒരു വ്യക്തിയുടെ സംതൃപ്തിക്കും സന്തോഷത്തിനും സമാധാനത്തിനും ഇടയാക്കുമെന്നോ സ്വർഗീയാനുഗ്രഹങ്ങൾ ഉറപ്പു വരുത്തുമെന്നോ ഒരിക്കലും വിചാരിക്കരുത്. സ്വർഗീയനുഗ്രഹങ്ങളിൽപ്പെട്ട സന്തോഷവും സംതൃപ്തിയും ഇവ മുഖാന്തരമല്ല ലഭിക്കുന്നത്. അവ ലഭിക്കുന്നത് ദൈവത്തിൽ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നതിലൂടെയാണ്. ഇതിനെപ്പറ്റിയാണ് പ്രവാചകന്മാർ, പ്രത്യേകിച്ചും ഹദ്റത്ത് ഇബ്റാഹിം നബി(അ)യും യഅ്ഖൂബ് (അ)നബിയും **ഫലാതമൂത്തുന്ന ഇല്ലാ വ അൻതും മുസ്‌ലിമൂൻ** എന്ന് ഉപദേശിച്ചത്. അല്ലാഹുവിനു പൂർണമായും അനുസരണം പുലർത്തിക്കൊണ്ടല്ലാതെ ഒരിക്കലും മരിക്കാനിടയാകരുത്. നിങ്ങൾ സദാ ദൈവത്തിനു കീഴ്പ്പെട്ടുകൊണ്ടുള്ള അവസ്ഥയിലായിരിക്കണം എന്നർഥം. മരണത്തിന് സമയമൊന്നും നിശ്ചയിച്ചുതന്നിട്ടില്ല. മരണം വരുമ്പോൾ നിങ്ങൾ അനുസരണത്തിൽനിന്ന് പുറത്താകരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ‘ലൗകികസുഖങ്ങൾ ഒരു തരത്തിലുള്ള അവിശുദ്ധഅത്യാഗ്രഹമുണ്ടാക്കി അവയോടുള്ള മോഹവും ദാഹവും വർധി പ്പിക്കുന്നു. മഹോദരം ബാധിച്ച രോഗിയെപ്പോലെ ദാഹം അടങ്ങുകയില്ല. ആർക്കാണോ വെള്ളം കുടിക്കുന്ന രോഗമുള്ളത് അവന്റെ ദാഹം ശമിക്കുകയേയില്ല, വെള്ളം കുടിച്ചുകൊണ്ടേ പോകുന്നു. അങ്ങനെ അവസാനം മരണം സംഭവിക്കുന്നു. അനാവശ്യമായ ആഗ്രഹാഭിലാഷങ്ങളുടെ അഗ്നിയും മനുഷ്യമനസ്സിനെ തൃപ്തിപ്പെടുത്താതെ അസ്വസ്ഥമാക്കുന്ന നരകാഗ്നിയാണ്. എന്നല്ല, അവനെ ചിന്താകുഴപ്പത്തിലും അസ്വാസ്ഥ്യത്തിലും നിപതിപ്പിക്കുന്നു.’ പറഞ്ഞു: ‘അതുകൊണ്ട് അവനും ദൈവത്തിനുമിടയിൽ ഒരു മറയുണ്ടാകുമാറ് തന്റെ സമ്പത്തിനോടും സന്താനങ്ങളോടും പെണ്ണിനോടുമുള്ള സ്നേഹാവേശത്തിൽ

**“ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക.”**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**“ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്.”**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

മദോന്മത്തനാവരുതെന്ന കാര്യം എന്റെ സുഹൃത്തുക്കളുടെ ദൃഷ്ടികളിൽനിന്ന് ഒരിക്കലും മറഞ്ഞിരിക്കരുത്.'(മൽഫൂദാത്ത് വാല്യം 2, പേജ് 101-102, 1985 ലണ്ടൻ പതിപ്പ്)

അതായത് ദുൻയാവിനോടും അതിലുള്ള വസ്തുക്കളോടും ആവശ്യത്തേക്കാളേറെ പ്രതിപത്തി ഉണ്ടായാൽ, അതിൽ മുങ്ങിത്താണാൽ അല്ലാഹുവിനും മനുഷ്യനുമിടയിൽ ഒരു മറയുടെ അവസ്ഥ ഉണ്ടായിത്തീരുന്നു. ഒരു തടസമുണ്ടാകുന്നു. ഇടയിൽ മറ വന്നുചേരുന്നു. മനുഷ്യൻ അല്ലാഹുവിലേക്കോ അല്ലാഹു മനുഷ്യനിലേക്കോ വരുന്നില്ല. മനുഷ്യൻ ആദ്യം തന്നിലേക്കു വരാൻ ശ്രമിച്ചാൽ താൻ അവനിലേക്ക് വരുമെന്നാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്; മനുഷ്യൻ ഒരടിവച്ചാൽ താൻ രണ്ടടി വെക്കുമെന്നും അവൻ നടന്നുവന്നാൽ താൻ ഓടിവരുമെന്നും അല്ലാഹു പറഞ്ഞിട്ടുള്ളത് ഹദീഥിൽ വന്നിട്ടുള്ളതുപോലെ.'(സ്വഹീഹുൽ ബുഖാരി, കിതാബുത്തൗഹീദ്, ഹദീഥ് 7405)

അതിനാൽ ഈ തടസവും മറയും അകറ്റണമെങ്കിൽ ദുൻയാവിനെ ദീനിന്റെ അടിമയാക്കിക്കൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: 'മനുഷ്യനും ദൈവത്തിനും ഇടയിൽ തടസ്സം നില്ക്കുന്നതുകൊണ്ടാണ് സമ്പത്തും സന്താനങ്ങളും പരീക്ഷണമാണെന്ന് പറയപ്പെട്ടിരിക്കുന്നത്. സമ്പത്തും സന്താനങ്ങളും മുഖേന മനുഷ്യന് ഒരു നരകം തയ്യാറാക്കപ്പെടുന്നു. അവയിൽ നിന്ന് വേർപെടുത്തുമ്പോൾ അവൻ കഠിനമായ അസ്വസ്ഥതയും പരിഭ്രമവും പ്രകടിപ്പിക്കുന്നു.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'രണ്ടു വസ്തുക്കളുടെ പരസ്പരമുള്ള ബന്ധവും ഉരസലുംകൊണ്ട് ചൂടുണ്ടാകുന്നു. കൈകൾ ഉരസിയാലും അതിൽനിന്ന് ചൂടുണ്ടാകുന്നു. കല്ലുകൾ ഉരസിയാൽ അതിൽനിന്ന് ചൂടുണ്ടാകുന്നു. അതുപോലെ, മനുഷ്യന്റെ സ്നേഹവും ദുൻയാവും ദുൻയാവിന്റെ സ്നേഹത്തിന്റെ ഉരസലുംകൊണ്ടുണ്ടാകുന്ന ചൂടിനാൽ ദൈവസ്നേഹം കരിഞ്ഞുപോകുന്നു. അല്ലാഹുവിന്റെ സ്നേഹം അതോടെ അവസാനിക്കുന്നു. മനുഷ്യന്റെ സ്നേഹവും ദുൻയാവിന്റെ സ്നേഹവും പരസ്പരം ഉരസുമ്പോൾ എന്തു ഫലമാണ് പിന്നീടുണ്ടാകുന്നത്? അല്ലാഹുവിന് അവനോടുള്ള സ്നേഹം അവസാനിച്ചുപോകും; കരിഞ്ഞുപോകും. ഹൃദയം ഇരുണ്ട് അല്ലാഹുവിൽനിന്ന് അകന്നുപോകുന്നു. എല്ലാതരത്തിലുമുള്ള അസ്വസ്ഥതകൾക്കും ഇരയായിത്തീരുന്നു.' അവിടന്ന് പറഞ്ഞു: 'എന്നാൽ, ലൗകികവസ്തുക്കളോടുള്ള ബന്ധം ദൈവത്തിൽ ലയിച്ചു കൊണ്ടും അവരുടെ സ്നേഹം അല്ലാഹുവിൽ ലയിച്ചുകൊണ്ടും ദുൻയാവിനോടുള്ളസ്നേഹവും അല്ലാഹു ഒരു പരിധിവരെ അവയെ സ്നേഹിക്കാൻ അനുവദിച്ചുകൊണ്ടുള്ളതനുസരിച്ചും അത് അല്ലാഹുവിൽ ലയിച്ചുകൊണ്ടുള്ളതും ആ നേരത്ത് അല്ലാഹുവിനെ മറക്കാത്തതുമാണെങ്കിൽ പിന്നെന്താകും? പറഞ്ഞു: 'ആ നേരത്ത് പരസ്പരമുള്ള ഉരസൽ കൊണ്ട് ദൈവേതരരോടുള്ള സ്നേഹം കത്തി നശിക്കുന്നു. അവിടെ ഒരു വെളിച്ചവും പ്രകാശവും നിറയ്ക്കപ്പെടുന്നു. അനന്തരം അല്ലാഹുവിന്റെ ഇഷ്ടം അവന്റെ ഇഷ്ടവും അവന്റെ ഇഷ്ടം അല്ലാഹുവിന്റെ ഇഷ്ടവുമായിത്തീരുന്നു. പിന്നീട് അല്ലാഹു ആഗ്രഹിക്കുന്നതായിരിക്കും അവനും ആഗ്രഹിക്കുന്നത്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'ഇതിനു വിരുദ്ധമായിട്ടുള്ള മനുഷ്യന്റെ അവസ്ഥ എന്തായാലും നരകമാണ്. അല്ലാഹുവിനെക്കൂടാതെ ജീവിക്കുക എന്നതും നരകമാണ്.'(മൽഫൂദാത്ത് വാല്യം 2, പേജ് 102-103, 1985 ലണ്ടൻ പതിപ്പ്).

അവിടന്ന് പറയുന്നു:'പൂർണമുസ്‌ലിം ആകുക എന്നാണ് അല്ലാഹു നിങ്ങളിൽ നിന്നാഗ്രഹിക്കുന്നത്. മുസ്‌ലിം എന്ന പദംതന്നെ അർഥമാക്കുന്നത് പരിപൂർണമായുള്ള വിച്ഛേദമാണ്. അതായത് പരിപൂർണമായും അല്ലാഹുവിലേക്ക് കുനിയുക. ഇപ്പോൾ അല്ലാഹുവിലേക്കു കുനിയുകയും ഭൗതികനേട്ടം കാണുമ്പോൾ അതിലേക്ക് കുനിയുകയും അല്ലാഹുവിനെ മറക്കുകയും ചെയ്യുക എന്നതല്ല.' അവിടന്ന് പറയുന്നു: 'അല്ലാഹു മുസ്‌ലീംകളെ മുസ്‌ലീംകളായി സൃഷ്ടിച്ചുകൊണ്ട് അതിരറ്റ അനുഗ്രഹമാണ് ചെയ്തിട്ടുള്ളത്;അവൻ ചിന്തിക്കുകയും മനസ്സിലാക്കുകയുമാണെങ്കിൽ!' (മൽഫൂദാത്ത് വാല്യം 2, പേജ് 304, 1985 ലണ്ടൻ പതിപ്പ്).

ഞാൻ പറഞ്ഞതുപോലെ മനുഷ്യൻ ബലഹീനനാണ്. ചിലപ്പോൾ ഭൗതികമായ താൽപര്യങ്ങൾ അവനെ തന്നിലേക്ക് വലിച്ചടുപ്പിക്കാൻ ശ്രമിക്കുന്നു. മനുഷ്യൻ ഭൗതികതയിലേക്ക് കൂടുതൽ കുനിയുന്നു. അല്ലാഹുവിൽനിന്നും അവന്റെ ദീനിൽനിന്നും അശ്രദ്ധനാകുന്നു. അല്ലെങ്കിൽ ചില കർമങ്ങളിൽ ബലഹീനത ഉണ്ടാകുന്നു; അല്ലാഹുവിന്റെ എല്ലാ കല്പനകളേയും മനുഷ്യൻ പൂർണമായും മുന്നിൽ വെക്കുന്നില്ല. കടമകൾ നിറവേറ്റുന്നില്ല. ഭാര്യമക്കളോടുള്ള കടമകൾ നിറവേറ്റുന്നില്ല. കുടുംബപരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. വീട്ടിൽ വഴക്കുകളുണ്ടാക്കുന്നു. അല്ലെങ്കിൽ തന്റെ തൊഴിലിൽ വിശ്വസ്തത പുലർത്തുന്നില്ല. കച്ചവടം കാരണത്താൽ നമസ്കാരം ഉപേക്ഷിക്കുന്നു എന്നു തുടങ്ങി ഒരുപാട് കാര്യങ്ങളുണ്ട്. അതുകൊണ്ട് അല്ലാഹു മനുഷ്യനെ ഈ ദൗർബല്യങ്ങളിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി ഇപ്പോൾ ഏർപാടാക്കിയിരിക്കുകയാണ്. അഹ്മദികളായ നമ്മൾ ഭാഗ്യവാന്മാരാണ്. നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് നല്കി. അദ്ദേഹം നമ്മെ ആവർത്തിച്ച് വിവിധ അവസരങ്ങളിൽ വഴിതെറ്റിപ്പോകുന്നതിൽനിന്ന് രക്ഷിക്കുന്നതിന് മാർഗദർശനം നല്കിക്കൊണ്ടിരിക്കുന്നു.

അവിടന്ന് അല്ലാഹുവിന്റെ കല്പനയാൽ ജൽസകൾ സംഘടിപ്പിക്കുക എന്ന ഒരു ഏർപാടും ചെയ്തുതന്നിരിക്കുന്നു. അവിടെ നമ്മൾ വർഷത്തിൽ ഒരു പ്രാവശ്യം സംഘടിച്ച് നമ്മുടെ ആത്മീയത മെച്ചപ്പെടുത്തുന്നതിനുള്ള സാധനസാമഗ്രികൾ കരസ്ഥമാക്കാൻ ശ്രമിക്കുന്നു. അതിനാൽ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും ജൽസയുടെ ഈ ഉദ്ദേശ്യം മുന്നിൽ വെക്കേണ്ടതാണ്; നമ്മൾ അല്ലാഹുവിനോടു ഏറ്റവും സമീപസ്ഥരായിരിക്കണം. ദീനിനെ മുന്തിക്കുന്നവരാകണം. ലോകത്ത് ജീവിച്ചുകൊണ്ട് ലോകത്തെ ദീനിന്റെ സേവകരാക്കുന്നവരാകണം. ഈ ആത്മാവ് കേവലം നിങ്ങളുടെ ഉള്ളിൽ സൃഷ്ടിച്ചാൽപോര, പ്രത്യുത അല്ലാഹു നമ്മളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്നും മനുഷ്യ ജീവിതത്തിന്റെ ഉദ്ദേശ്യമെന്താണെന്നുമുള്ള ആത്മാവ് നിങ്ങളുടെ മക്കളിലും ഊതുക. തലമുറ തലമുറയായി നിങ്ങളുടെ മക്കളുടെ മനസ്സുകളിൽ ഇക്കാര്യം കുടിയിരുത്തിക്കൊണ്ടുപോകുക. ദുൻയാവിനെ ദീനിന്റെ സേവകരാക്കുന്നതിനുള്ള അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് നടക്കാൻ ശ്രമിക്കുക. ഈ അവസാന കാലഘട്ടത്തിൽ നമ്മുടെ പരിഷ്കരണത്തിനും നമ്മളിൽ അനുഗ്രഹം ചൊരിഞ്ഞുകൊണ്ടും അല്ലാഹു ഏതൊരു മസീഹ് മൗഊദിനേയും മഹ്ദിയെ മഅ്ഹൂദിനേയുമാണോ അയച്ചത് അദ്ദേഹത്തിന്റെ ബയ്അത്തിൽ വന്നുകൊണ്ട് എപ്പോഴും ഇക്കാര്യങ്ങളനുസരിച്ച് കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുക. ഇതിലാണ് നമുക്ക് ബഖാ അഥവാ അനശ്വരത ഉള്ളത്. ഇതിൽതന്നെയാണ് നമ്മുടെ മക്കളുടെ അനശ്വരതയുമുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഉദ്ദേശ്യം വിവരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: 'ബയ്അത്ത് ചെയ്യുന്നതിന്റെ ഉദ്ദേശ്യം ഭൗതികതയോടുള്ള അത്യാസക്തി തണുക്കുകയും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം ഹൃദയത്തിൽ ആധിപത്യം സ്ഥാപിക്കുകയും പരലോകയാത്രയോടു വെറുപ്പ് തോന്നാത്ത ഒരു സ്ഥിതി സംജാതമാകുകയും ചെയ്യുക എന്നതാണ്. എന്റെ കൈയിൽ ബയ്അത്ത് ചെയ്തിട്ടുള്ള ആത്മസഹോദരങ്ങൾ ഇക്കാര്യം മനസ്സിലാക്കിയിരിക്കണം.' (ആസ്മാനീ ഫയ്സല, റൂഹാനീ ഖസാഇൻ വാല്യം 4, പേജ് 351). ആകയാൽ, അല്ലാഹുവിനോടും അവന്റെ ദൂതനോടും പരിപൂർണമായ സ്നേഹം സംജാതമാകാത്തിടത്തോളം ലൗകികതയോടുള്ള സ്നേഹത്തിൽ കുറവു വരുന്നതല്ല. മരണസമയത്ത് മനുഷ്യന് മന:ശാന്തിയും ലഭിക്കുന്നതല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന അല്ലാഹു ഈ ജമാഅത്ത് രൂപീകരിച്ചതിന്റെ ഉദ്ദേശ്യമാണിത്. അതിൽ ചേരാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കി. ഇതിനുവേണ്ടി അവിടന്ന് ബയ്അത്ത് വാങ്ങി. ബയ്അത്ത് ചെയ്യുന്നവർക്ക് ഇക്കാര്യം വ്യക്തമാക്കിക്കൊടുത്തു. ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിന് നമ്മൾ ശ്രമിക്കുന്നില്ലെങ്കിൽ നമ്മുടെ ബയ്അത്തിന്റെ വാദം, വെറും വാദം മാത്രമായിരിക്കും; യഥാർഥത്തിൽ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തിരിച്ചറിഞ്ഞില്ല. ആ മഹാത്മാവിനെ വിശ്വസിച്ചില്ല; ബയ്അത്തിനോടുള്ള കടമ നിറവേറ്റുന്നവരായതുമില്ല!

ജൽസ ആരംഭിച്ച കാലത്ത് അതിന്റെ ഉദ്ദേശ്യലക്ഷ്യം ജനങ്ങൾ പൂർത്തിയാക്കുന്നില്ല എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) അറിഞ്ഞപ്പോൾ അവിടന്ന് കഠിനമായ നിലയിൽ തന്റെ അതൃപ്തി പ്രകടിപ്പിച്ചു കൊണ്ടു താൻ ഈ വർഷം ജൽസ നടത്തുന്നില്ല എന്നു പറഞ്ഞു. അങ്ങനെ ആ വർഷം ജൽസ നടന്നില്ല. ഇത് മാറ്റിവെക്കുന്നുവെന്നുള്ള വിവരം അവിടന്ന് വിളംബരം ചെയ്തത് എങ്ങനെയുള്ളതാണെന്നാൽ അത്

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ആത്മാർഥരായ ഓരോരുത്തരേയും ഇന്നും അസ്വസ്ഥരാക്കുന്നു. അസ്വസ്ഥരാക്കുന്നതാകേണ്ടതുമാണ്. അവിടന്ന് പറഞ്ഞു: 'ഈ ജൽസയുടെ ലക്ഷ്യവും യഥാർഥ ഉദ്ദേശ്യവും നമ്മുടെ ജമാഅത്തിലെ ആളുകളുടെ മനസ്സ് എങ്ങനെയെങ്കിലും ആവർത്തിച്ചുള്ള കൂടിക്കാഴ്ചയിലൂടെ പരിപൂർണമായും പരലോകത്തേക്കു കുനിയുകയും അവരുടെ ഉള്ളിൽ അല്ലാഹുവിനോടുള്ള ഭയമുണ്ടാകുകയും അവർ സ്വാത്മ പരിത്യാഗത്തിലും തഖ്‌വയിലും ദൈവഭക്തിയിലും പാപങ്ങൾ വർജിക്കുന്നതിലും സൗമ്യതയിലും പരസ്പര സ്നേഹത്തിലും സാഹോദര്യത്തിലും മറ്റുള്ളവർക്ക് ഒരു മാതൃകയായിത്തീരുകയും ചെയ്യുക എന്നതാണ്. വിനയവും വിനീതമായ പെരുമാറ്റവും വിശ്വസ്തതയും അവരിലുണ്ടാകണം. ദീനീപരമായ ഉദ്യമങ്ങൾക്ക് അത്യാവേശം സ്വീകരിക്കേണ്ടതാണ്.'(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാള്യം 6, പേജ് 394)

ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഭൗതികസമ്മേളനങ്ങൾ പോലെ അനാവശ്യമായി സംഘടിപ്പിക്കുന്നതല്ല ഈ ജൽസ. മറിച്ച് അതിന്റെ സംഘാടനം സദുദ്ദേശ്യത്തിലും വിശേഷ ഫലങ്ങളിലും നിലകൊള്ളുന്നു. ഇതു കൂടാതെ അത് നിഷ്ഫലമാണ്.'(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാള്യം 6, പേജ് 395)

നിയ്യത്ത് ശരിയല്ലെങ്കിൽ, സൽഫലമുളവാകുന്നില്ലെങ്കിൽ, ജൽസ സംഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം കരസ്ഥമാകുന്നില്ലെങ്കിൽ അത് തികച്ചും വ്യർഥമാണ്. അതിന് ഒരു ഫലവുമില്ല. ആവർത്തിച്ചുള്ള കൂടിക്കാഴ്ചയിലൂടെ ഇത്തരം മാറ്റമുണ്ടാക്കുക എന്ന് അവിടന്ന് പറഞ്ഞു. ആരുമായിട്ടുള്ള കൂടിക്കാഴ്ചകളാണ്. ഇത് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)മായിട്ടുള്ള കൂടിക്കാഴ്ചകളാണ്. ഹദ്‌റത്ത് മസീഹ് മൗഊദി(അ)ന്റെ കാലത്ത് ചിലർ തങ്ങളുടെ ദൗർബല്യം കാരണത്താൽ അദ്ദേഹത്തിന്റെ അതൃപ്തിക്ക് പാത്രമായെങ്കിൽ ഇക്കാലത്ത് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) അതൃപ്തി പ്രകടിപ്പിച്ച ഗണത്തിൽപ്പെടുന്നവർ എത്രയാണെന്ന് അല്ലാഹുവിനേ നന്നായി അറിയുകയുള്ളൂ. ആകയാൽ ഓരാരുത്തരും ആത്മപരിശോധന നടത്തേണ്ടതുണ്ട്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിക്കുന്ന നിലവാരമില്ലെങ്കിൽ ഈ ജൽസയിൽ പങ്കെടുക്കാൻ നമ്മൾ അർഹരല്ല. അല്ലെങ്കിൽ നമ്മൾ അർഹരാണോ എന്ന് സ്വയം നോക്കുക. അല്ലെങ്കിൽ നമ്മൾ ജന്മനാ അഹ്‌മദികളാണോ പഴയ അഹ്‌മദി ആയിപ്പോയോ എന്ന കാര്യം പരിശോധിക്കുക. വർഷങ്ങളായി ബയ്അത്ത് ചെയ്തവരോ മഹാത്മാക്കളുടെ മക്കളിൽപ്പെട്ടവരോ ആയതുകൊണ്ടാണോ ജൽസയിൽ പങ്കെടുക്കുന്നതെന്ന് നോക്കുക. അപ്പോൾ പിന്നെ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നമ്മളിൽനിന്നാഗ്രഹിക്കുന്ന ഉദ്ദേശ്യം നമ്മൾ പൂർത്തിയാക്കുന്നവരല്ല. ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിന് നമ്മുടെ എല്ലാ കഴിവുകളോടും കൂടെ ശ്രമിക്കണം –ശ്രമിച്ചുകൊണ്ടിരുന്നു അല്ലെങ്കിൽ ശ്രമിച്ചുകൊണ്ടിരിക്കുന്നു– എന്ന ഉദ്ദേശ്യത്തോടെ വന്നവരല്ലെങ്കിൽ ജൽസയിൽ വരിക എന്നത് ഒരു മേളയിൽ വരിക എന്നതുപോലെ തന്നെയാണ്. ഇക്കാര്യം ആത്മാർഥതയുള്ള ഓരോ അഹ്‌മദിയുടെ മനസ്സിലും ഉത്കണ്ഠ ജനിപ്പിക്കേണ്ടതാണ്. ഇപ്പോൾ എല്ലാ വർഷവും ലോകത്തിലെ വിവിധരാജ്യങ്ങളിൽ ജൽസ നടന്നു വരുന്നു. ചിലതിൽ ഞാൻ പങ്കെടുക്കാറുണ്ട്. ചിലതിൽ എം.ടി.എ മുഖേന ഞാൻ പങ്കെടുക്കുന്നു. യൂറോപ്പിലെ ചില ജൽസകളിൽ നിങ്ങളിൽ അനേകം പേർ പങ്കെടുക്കാറുണ്ട്. പല ജൽസകളിലും പങ്കെടുത്തവരാണ് ഇപ്പോൾ എന്റെ മുമ്പിലിരിക്കുന്നത്. യു.കെ ജൽസയ്ക്കു ശേഷം ജർമനി ജൽസയിൽ ധാരാളംപേർ പങ്കെടുത്തുവന്നവരാണ്. ഓരോ ജൽസയിലും ജൽസയുടെ ഉദ്ദേശ്യങ്ങളും മതപരവും വൈജ്ഞാനികവും ആത്മീയവുമായ അഭിവൃദ്ധിക്കുള്ള കാര്യങ്ങളുണ്ടാകുന്നു. പ്രസംഗങ്ങളുണ്ടാകുന്നു. ഒരു പ്രത്യേക അന്തരീക്ഷമായിരുന്നുവെന്നും അതിൽ ആത്മീയമായ ദൃശ്യങ്ങളും പരസ്പരം ഒരുപാട് സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ദൃശ്യങ്ങളും തങ്ങൾ കണ്ടുവെന്നും ധാരാളമാളുകൾ എനിക്ക് എഴുതുന്നുണ്ട്. തങ്ങളോടൊപ്പം ചില അതിഥികൾ വന്നിട്ടുണ്ടായിരുന്നുവെന്നും അവരും ഇതുകണ്ട് ആകൃഷ്ടരായെന്നും ചിലർ എഴുതുന്നു. അതിനാൽ വർഷത്തിൽ ഒന്നിലധികം ജൽസകളിൽ പങ്കെടുത്തതുകൊണ്ട് നമ്മുടെ അവസ്ഥകളിൽ ഒരു വിപ്ലവം ഉണ്ടാകേണ്ടതാണ്. നിങ്ങളുടെ ഉള്ളിൽ പരിശുദ്ധമാറ്റം ഉണ്ടാകുന്നതിനും പരലോകയാത്ര അനിഷ്ടകരമായി തോന്നാതിരിക്കാനും വർഷത്തിലൊരിക്കൽ ജൽസയിൽ പങ്കെടുക്കണമെന്ന് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ആഹ്വാനം ചെയ്തിരുന്ന കാലമായിരുന്നു അന്നെങ്കിൽ, ഇന്ന് ചിലർ ഒന്നിലധികം ജൽസകളിൽ പങ്കെടുക്കുന്ന അവസ്ഥയാണുള്ളത്. അതുകൊണ്ട് എത്തരത്തിലുള്ള വിപ്ലവമാണ് ഈ അവസ്ഥകളിൽ ഉണ്ടാകേണ്ടത് എന്നു നിങ്ങൾ വിലയിരുത്തുക. ഹദ്‌റത്ത് മസീഹ് മൗഊദു(അ)മായുള്ള കൂടിക്കാഴ്ചതന്നെ പല ജൽസകളേക്കാളും കനത്ത സ്വാധീനം ഉളവാക്കുന്നതായിരുന്നു. അദ്ദേഹത്തെ കാണുമ്പോൾ ഒരു വിപ്ലവം സംജാതമാകുമായിരുന്നു. എന്തായാലും നബിയ്ക്കു ഒരു സ്ഥാനമുണ്ട്. എന്നാൽ, ഇന്ന് പല ജൽസകൾ നിരന്തരം കാണുകയും പങ്കെടുക്കുകയും ചെയ്യുന്നത് അല്പമെങ്കിലും പരിശുദ്ധമായ മാറ്റം ഉണ്ടാകാൻ ഇടയാക്കേണ്ടതാണ്.

ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ കാര്യങ്ങൾതന്നെയാണ് ഇപ്പോഴും വിവരിക്കപ്പെടുന്നത്. വാക്കുകൾ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുതന്നെയാണ്. അതിനെക്കാളുപരി നബി(സ)തിരുമേനിയുടെ വാക്കുകളും കാര്യങ്ങളുമാണ്. അത് വിവിധ പ്രസംഗങ്ങളിൽ വിവരിക്കപ്പെടുന്നു. അതിനെക്കാളുപരി അല്ലാഹുവിന്റെ കലാമിന്റെ വ്യാഖ്യാനങ്ങൾ വിവരിക്കപ്പെടുന്നു. മനുഷ്യന്റെ തീരുമാനമുണ്ടെങ്കിൽ സദുദ്ദേശ്യമാണെങ്കിൽ പരിശുദ്ധ മാറ്റത്തിനുള്ള സംവിധാനങ്ങൾ ഇപ്പോഴും നിലവിലുണ്ട്. കാലത്തിന്റെ ഖലീഫ നിങ്ങളോടു എന്തെങ്കിലും പറയുന്നുണ്ടെങ്കിൽ അതും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രാതിനിധ്യത്തിലാണ് പറയുന്നത്. ഖിലാഫത്ത് തുടരുന്നതാണെന്നും അതുമായി ചേർന്നുകൊണ്ട് അവിടത്തെ അനുഗ്രഹങ്ങളുടെ തുടർച്ച നിലനില്ക്കുന്നതാണെന്നുമുള്ള സുവാർത്തയും അല്ലാഹുവിൽനിന്ന് അറിയിപ്പു കിട്ടിയതിനെ തുടർന്ന് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) നല്കിയിരുന്നു. എന്നല്ല നബി(സ)തിരുമേനിതന്നെയും അത് പറഞ്ഞിട്ടുള്ളതാണ്. അതിനെ സംബന്ധിച്ച് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ആ അനുഗ്രഹങ്ങളുടെ അതായത് ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ തുടർന്നുപോകുമെന്നുള്ള വാഗ്ദാനവും നിങ്ങളെ സംബന്ധിച്ചാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ന് ഞാൻ ഈ അവസരത്തിൽനിന്ന്, ഈ വിഷയത്തിൽനിന്ന് പ്രയോജനമെടുത്തുകൊണ്ട് എം.ടി.എ കേൾക്കുന്നതിലേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

പാകിസ്താനിൽ ജൽസകളുടെമേൽ നിയന്ത്രണമുണ്ട്. അവിടത്തെ ആളുകൾ അതിൽ നിന്ന് തടയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ചുരുങ്ങിയപക്ഷം ഖുത്ബകളെങ്കിലും പതിവായി കാണുകയും കേൾക്കുകയും ചെയ്യുക. ജൽസകളും കാണുക. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക. നിയന്ത്രണങ്ങളെ ഒരു പരിധിവരെ മറികടക്കുന്നതിന് ഒരു മാർഗം അല്ലാഹു ഇങ്ങനെ തുറന്നു തന്നിരിക്കുകയാണ്. ജൽസയുടെ പരിപാടികൾ എം.ടി.എയിലൂടെ കണ്ടും കേട്ടും അതിൽനിന്ന് ഫലമെടുക്കാൻ ശ്രമിക്കുക. അങ്ങനെ അറുപത് എഴുപത് ശതമാനം ദാഹമെങ്കിലും അകറ്റാൻ കഴിയും. വിചാരിച്ചാൽ നൂറു ശതമാനം പരിശുദ്ധമാറ്റം ഉണ്ടാക്കാനും സാധിക്കുന്നതാണ്. എന്നാൽ, ഇപ്പോൾ യൂറോപ്പിലേക്ക് വന്ന നിങ്ങളോട് ഞാൻ പറയട്ടെ. നിങ്ങൾ ജൽസയിൽ പങ്കെടുക്കുന്നു; ചിലർ ഒന്നിലധികം ജൽസകളിൽ പങ്കെടുക്കുന്നവരാണ്. ഞാൻ പറഞ്ഞതുപോലെ, ഇവിടെ വരുന്ന അഹ്‌മദികൾ തങ്ങളുടെ അവസ്ഥകളിൽ ഒരു വിപ്ലവം ഉണ്ടാക്കേണ്ടതാണ്. അല്ലാഹു സംഘടിപ്പിച്ചുതന്നിരിക്കുന്ന ഈ പരിശീലന ക്യാമ്പിൽ വന്നതുകൊണ്ടുള്ള പ്രയോജനം ലഭിക്കുന്നത് ഹദ്‌റത്ത് മസീഹ് മൗഊദി(അ)ന്റെ ആഗ്രഹമനുസരിച്ച് ദുൻയാവിനെ തന്റെ സേവകനാക്കിക്കൊണ്ട് ഒരു പരിശുദ്ധമാറ്റം സംജാതമാക്കുന്നവനാകുമ്പോഴാണ്. ഇവിടെ വന്ന് ജൽസയുടെ പരിപാടികൾ ശ്രദ്ധയോടെ കേൾക്കുക. നാം ഇതനുസരിച്ച് പ്രവൃത്തിച്ച് നമ്മുടെ ഉള്ളിൽ ഒരു പരിശുദ്ധമാറ്റം ഉണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടെ കേൾക്കുക.

ജൽസയുടെ പരിപാടികൾ ശ്രദ്ധിച്ചു കേൾക്കണമെന്ന് പറഞ്ഞുകൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ അരുൾ ചെയ്തു: "എല്ലാവരും ശ്രദ്ധയോടെ കേൾക്കേണ്ടതാണ്. പൂർണമായ ചിന്തയോടും ആലോചനയോടുംകൂടി കേൾക്കുക. ഈ കാരണം, ഈ പ്രശ്നം ഈമാനിന്റെ പ്രശ്നമാണ്." ഇത് നിസാരകാര്യമല്ല. നിസാരവാക്യമല്ല. ചിന്തിക്കേണ്ട വാക്യമാണ്. കാരണം ഇതു ഈമാനിന്റെ പ്രശ്നമാണ്. ഇതിലുള്ള മടിയും അലസതയും അശ്രദ്ധയും വളരെ വലിയ തിക്തഫലങ്ങളുണ്ടാക്കുന്നതാണ്.' ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ആരാണോ ഈമാനിന്റെ കാര്യത്തിൽ

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്‌മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്‌മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

അശ്രദ്ധയോടെ പ്രവർത്തിക്കുന്നത് അവരെ സംബോധനചെയ്ത് എന്തെങ്കിലും കുറച്ചു പറയുമ്പോൾ ശ്രദ്ധയോടെ അത് കേൾക്കാത്തത് വിശദീകരിക്കുന്ന ആളുടെ വിവരണംകൊണ്ട് എത്രശ്രേഷ്ഠമായ ഫലമുണ്ടായാൽപ്പോലും അവന് അത് പ്രയോജനപ്പെടുകയില്ല. അത്തരക്കാരെ കുറിച്ചാണ് ചെവിയുണ്ടെങ്കിലും കേൾക്കാത്തവരാണെന്നും മനസുണ്ടെങ്കിലും മനസ്സിലാക്കാത്തവരാണെന്നും പറയപ്പെടുന്നത്. അതുകൊണ്ട് ഓർക്കുക! എന്തൊന്നാണോ വിവരിക്കപ്പെടുന്നത് അത് അതീവശ്രദ്ധയോടെ കേൾക്കുക. കാരണം ശ്രദ്ധയോടെ കേൾക്കാത്തവന് ദീർഘകാലംവരെ ഫലം പ്രദാനം ചെയ്യുന്നയാളുടെ സഹവാസത്തിലിരുന്നാലും ഒരു ഫലവും ഉണ്ടാകുകയില്ല.'(മൽഫൂദാത്ത് വാല്യം 3, പേജ് 142–143, 1985 ലണ്ടൻ പതിപ്പ്).

ജൽസയിൽ ഇരുന്നിട്ടും ജൽസയിൽ പങ്കെടുത്തിട്ടും ജൽസയിൽനിന്നും പ്രയോജനമൊന്നും എടുക്കാത്തവരെ കുറിച്ചാണ് അവിടന്ന് ഈ മുന്നറിയിപ്പ് നല്കിയിട്ടുള്ളത്. നഅ്രെ തക്ബീർ അത്യുച്ചത്തിൽ വിളിക്കുന്നു. പക്ഷേ, അല്ലാഹുവിനെ കുറിച്ചുള്ള മഹത്ത്വത്തിന്റെ ഈ വിളംബരംമായ നഅ്ര കുറച്ചു നിമിഷങ്ങൾ കഴിഞ്ഞുടനെ മനസ്സിൽനിന്ന് മാഞ്ഞുപോകുന്നു. അതുകൊണ്ട് ജൽസയിൽനിന്ന് പ്രയോജനമെടുക്കാത്തവരിൽ പെട്ടുപോയിട്ടുണ്ടോ എന്ന് ഓരോരുത്തരും ആത്മ പരിശോധന നടത്തുക.

ജൽസയിൽ ഇവിടെ പങ്കെടുക്കാൻ വന്നിട്ടുള്ള സ്ഥിതിക്ക് പങ്കെടുക്കുന്ന ഓരോരുത്തരും ജൽസയിലെ എല്ലാ പരിപാടികളിലും സജീവമായി പങ്കെടുക്കേണ്ടതാണ്. ക്ഷമയോടും സഹനത്തോടുംകൂടി ഇരിക്കുക. സകല പ്രസംഗങ്ങളും കേൾക്കുക. വിവരിക്കപ്പെടുന്ന കാര്യങ്ങളിൽനിന്ന് വൈജ്ഞാനികവും കർമപരവുമായ ഫലം കരസ്ഥമാക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രസംഗങ്ങൾ കേൾക്കേണ്ടതിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് പറഞ്ഞു: 'എല്ലാ സാഹിബുമാരും ശ്രദ്ധയോടെ കേൾക്കുക! എന്റെ ജമാഅത്തിനുവേണ്ടിയും എനിക്കുവേണ്ടിയും ഞാനാഗ്രഹിക്കുന്നതും ഇഷ്ടപ്പെടുന്നതും പ്രസംഗങ്ങളിലുണ്ടാകുന്ന ബാഹ്യമായ 'ഖീല'കളേയും 'ഖാല'കളേയും മാത്രം ഇഷ്ടപ്പെടാതിരിക്കുക എന്നതാണ്. പ്രസംഗകർ എത്രമാത്രം മാസ്മരികമായി പ്രസംഗിച്ചാലും വാക്കുകളിൽ എത്രമാത്രം ശക്തിയാണുള്ളതെന്ന് പറഞ്ഞ് നമ്മുടെ മുഴുവൻ ഉദ്ദേശ്യവും ലക്ഷ്യവും അതിൽവന്ന് മാത്രം അവസാനിക്കാൻ പാടില്ല. അക്കാര്യം ഞാനിഷ്ടപ്പെടുന്നില്ല. പ്രസംഗകന്റെ പ്രസംഗത്തിലുള്ള വാക്ചാതുര്യത്തിൽ ഞാൻ തൃപ്തനല്ല.' അവിടന്ന് പറയുന്നു:

'കൃത്രിമവും ഉപചാരങ്ങളില്ലാത്തതുമാണ് ഞാനിഷ്ടപ്പെടുന്നത്. എന്നല്ല എന്റെ സ്വഭാവത്തിന്റെ തേട്ടവും ഇതുതന്നെയാണ്. എന്റെ പ്രകൃതി ആഗ്രഹിക്കുന്നതും ഇതുതന്നെ. ഏതു പ്രവൃത്തി ചെയ്യുകയാണെങ്കിലും അല്ലാഹുവിനു വേണ്ടി ആയിരിക്കണം. ഏതുകാര്യമാണെങ്കിലും അല്ലാഹുവിനുവേണ്ടിയായിരിക്കണം.'(മൽഫൂദാത്ത് വാല്യം 1, പേജ് 398–399, 1985 ലണ്ടൻ പതിപ്പ്).

വലിയ പ്രസംഗകരുടെ പ്രസംഗങ്ങൾ കേൾക്കുന്നുണ്ടെങ്കിലും അതനുസരിച്ച് പ്രവൃത്തിക്കാത്തതു കൊണ്ടാണ് ഇക്കാലത്ത് മുസ്ലിംകൾക്ക് നിന്ദ്യവും ശോചനീയവുമായ അവസ്ഥ വന്നെത്തിയിരിക്കുന്നത്. ഇല്ലെങ്കിൽ എത്രയെത്ര കോൺഫ്രൻസുകളും മീറ്റിംഗുകളും സഭകളുമാണ് നടന്നു വരുന്നത്. അവിടെ വലിയ വലിയ സാഹിത്യകാരന്മാരും പ്രസംഗകരും അവരുടെ പ്രസംഗങ്ങൾ വായിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. ജനതയുടെ ശോചനീയാവസ്ഥകൾ പറഞ്ഞ് കവികൾ കവിതകൾ രചിക്കുന്നു. അതൊന്നും ഫലം ചെയ്യാത്തതിന്റെ കാരണമെന്താണ്? ജനം പുരോഗതി പ്രാപിക്കേണ്ടതിനുപകരം അധോഗതിയിലേക്ക് പോകുന്നു.' അവിടന്ന് പറഞ്ഞു:"സഭയിൽ പോയും വന്നും ഇരിക്കുന്നവർ ആത്മാർഥതയോടെ പോകുന്നില്ല എന്നതു തന്നെയാണ് കാര്യം."(മൽഫൂദാത്ത് വാല്യം 1, പേജ് 401, 1985 ലണ്ടൻ പതിപ്പ്).

ആത്മാർഥതയില്ല. ബാഹ്യമായ കാര്യങ്ങൾ മാത്രമേ ഉള്ളൂ. പ്രസംഗകരുടെ പ്രസംഗങ്ങളിൽ വാക്ചാതുരിയാണുള്ളത്. ശ്രോതാക്കൾ വെറും അതാണ് ആസ്വദിക്കുന്നത്. അവരിൽ ആത്മാർഥതയില്ല.

അതിനാൽ ഇതാണ് അവിടത്തെ സ്വാഭാവികമായ ഇഷ്ടം. തന്നെ വിശ്വസിക്കുന്ന ആളുകൾ താൽക്കാലികമായ നിലയിലുള്ള പ്രസംഗങ്ങളിലും പ്രസംഗകരുടെ ആവേശത്തിലും ആകർഷിതരാകാതെ വിഷയത്തിന്റെ കാതൽ മനസ്സിലാക്കി തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കണം എന്നതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹം. കേവലം പ്രസംഗങ്ങൾ കേൾക്കുകയും ജൽസാഗാഹിന് വെളിയിൽവന്ന് മറക്കുകയും ചെയ്യുന്നത് അഭിവൃദ്ധിയല്ല. പ്രത്യുത അധോഗതിയിലേക്ക് കൊണ്ടുപോകുന്ന കാര്യങ്ങളാണ്. മുസ്ലീംകളുടെ ഇന്നത്തെ അധഃപതനത്തിന്റേയും നിന്ദ്യതയുടേയും അവസ്ഥ എന്തുകൊണ്ടാണെന്നാൽ പ്രഗത്ഭരായ പണ്ഡിതന്മാരുടെ പ്രസംഗങ്ങൾ അവർ കേൾക്കുന്നു. പക്ഷേ, അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നില്ല എന്നതാണ്. കർമങ്ങൾ ലവലേശം ഇല്ലെന്നുതന്നെ പറയാം. കർമങ്ങളില്ലാത്ത സമൂഹം ഒരിക്കലും പുരോഗതി പ്രാപിക്കുകയില്ല. പ്രവർത്തിക്കാതെ ഉരുവിട്ടു കൊണ്ടിരിക്കുന്ന വെറും വാക്കുകളാണ് ലോകത്ത് ഇന്നു മുസ്ലിംകൾ നേരിട്ടു കൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് മുഖ്യകാരണം. കർമങ്ങളുണ്ടായിരുന്നെങ്കിൽ ഈയവസ്ഥ ഇന്നുണ്ടാകുമായിരുന്നില്ല. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദി(അ)നെ വിശ്വസിച്ചതു തന്നെ മുസ്ലിംകളിൽ ഉണ്ടായിട്ടുള്ള ദൗർബല്യങ്ങളെ അകറ്റുന്നതിനു വേണ്ടിയാണ്. അല്ലാത്തപക്ഷം, ആ വിശ്വാസം പ്രയോജനരഹിതമാണ്. ലോകത്തെ ഹദ്റത്ത് മുഹമ്മദു റസൂലുല്ലായുടെ കൊടിക്കീഴിൽ കൊണ്ടുവരണമെന്ന് വാദിക്കുകയും മറുഭാഗത്ത് ലോകം നമ്മുടെ മേൽ വിജയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല. ജൽസയും ജൽസയിൽ വരുന്നതും കുറച്ചു സ്നേഹിതരെ കാണുന്നതിനും കുറച്ചു ജൽസ കേൾക്കുന്നതിനുവേണ്ടി മാത്രമാകരുത്. സ്നേഹിതരെ കാണുന്നതും നല്ല കാര്യംതന്നെയാണ്. പക്ഷേ, ജൽസയുടെ ആന്തരികമായ ഒരു ഫലം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുണ്ട്. ആന്തരികമായ ആ ഫലവും ഉദ്ദേശ്യരഹിതമല്ല. എന്നല്ല അതുകൊണ്ടാണ് അവിടന്ന് പറഞ്ഞത് സാഹോദര്യബന്ധവും സ്നേഹവും ഉണ്ടാകണമെന്ന്. അഹ്മദികൾക്ക് പരസ്പരം സാഹോദര്യബന്ധവും സ്നേഹവും ഉണ്ടാകേണ്ടതാണ്. സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിലേക്ക് ശ്രദ്ധ ഉണ്ടാകണം. ജമാഅത്തിന്റെ കെട്ടുറപ്പും ഒത്തൊരുമയുടെ ദൃശ്യവും നാലുഭാഗവും കാണാൻ സാധിക്കണം.

അതിനാൽ ഇവിടെ വരുന്നതിന്റെ യഥാർഥ ലക്ഷ്യം നിങ്ങളുടെ മുമ്പിൽ വെക്കുക. അത് ജൽസ കേൾക്കുകയും അവിടെ പറയുന്ന കാര്യങ്ങളനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹു ഓരോരുത്തർക്കും ഈ ലക്ഷ്യം കരസ്ഥമാക്കാനുള്ള സൗഭാഗ്യം നല്കുമാറാകട്ടെ. ജൽസയുടെ അനുഗ്രഹങ്ങളിൽ നിന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അനുഗ്രഹങ്ങളിൽനിന്നും പ്രയോജനമെടുക്കുന്നവരാകട്ടെ. സ്വന്തം വാക്കും പ്രവൃത്തിയുംകൊണ്ട് ലോകത്തിന് ഇസ്ലാമിന്റെ യഥാർഥ ചിത്രം കാണിച്ചുകൊടുക്കുന്നവരാകട്ടെ. എല്ലാ അഹ്മദികൾക്കും ദുൻയാവ് എപ്പോഴും ഒരു രണ്ടാമത്തെ നില ഉൾക്കൊള്ളുന്നതാകട്ടെ. യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും ദീനായിരിക്കട്ടെ. അല്ലാഹുവിന്റെ തൃപ്തിയായിരിക്കട്ടെ. അല്ലാഹുവിന്റെ തൃപ്തിയുടെ യാഥാർഥ്യം മനസ്സിലാക്കുന്നവർ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നവരായിത്തീരുന്നു. അല്ലെങ്കിൽ നിറവേറ്റുന്നവരാകാവുന്നതാണ്. സമാധാനവും സമ്പ്രീതിയും സ്നേഹവും സാഹോദര്യവും ഉണ്ടാക്കുന്നവരായിത്തീരാവുന്നതാണ്. ഇന്ന് ലോകത്തിന് ആവശ്യവും ഇതുതന്നെയാണ്. ലോകത്തുണ്ടായിട്ടുള്ള ബഹളവും കലഹവും ദൂരീകരിക്കണമെങ്കിൽ നമ്മൾ ലോകരെ അവരുടെ ദൈവത്തെ പരിചയപ്പെടുന്നതിലേക്ക് കൊണ്ടുവരിക. അവരെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിലേക്ക് കൊണ്ടുവരിക. ഇന്ന് ഇത് ഒരു അഹ്മദിയുടെ വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്.

ജൽസയുടെ സംവിധാനവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഞാൻ പറയാനാഗ്രഹിക്കുകയാണ്. ഒന്നാമതായി, ജൽസയ്ക്കു വേണ്ടി എടുത്തിട്ടുള്ള സ്ഥലവും ചുറ്റുപാടും നാം നിരീക്ഷിക്കുക. സംഘാടകർക്കോ പുറത്ത് റോഡിലേക്കിറങ്ങുമ്പോൾ അയൽവാസികൾക്കോ പ്രയാസമുണ്ടാകരുത്. ഇക്കാര്യം എന്തായാലും ഉറപ്പു വരുത്തേണ്ടതാണ്. അമുസ്ലീംകൾക്ക് ഇസ്ലാമിനെക്കുറിച്ച് ശരിക്കു മനസ്സിലാക്കാൻ സാധിക്കുന്നത് അഹ്മദി എത്രമാത്രം അയൽവാസികളെ ശ്രദ്ധിക്കുന്നവരാണെന്നും നി

## അല്ലാഹുവിന്റെ കലാം

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***

**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
പി.പി.റഹീമും കുടുംബവും
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പഴയങ്ങാടി (കേരള)

**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

യമങ്ങൾ പാലിക്കുന്നവരാണെന്നും ഇത്രമാത്രം അധികം ആളുകളുണ്ടായിട്ടും ഒരു തരത്തിലുള്ള പ്രയാസങ്ങൾക്കും ഇടവരുന്നില്ലെന്നും തുടങ്ങിയ കാര്യങ്ങൾ പ്രകടമാകുമ്പോഴാണ്. എന്നല്ല ജൽസയുടെ സംഘാടകരും പ്രത്യേകിച്ചും ഇക്കാര്യങ്ങൾ ശ്രദ്ധിക്കുകയും ഏർപാടുകൾ ചെയ്യുകയും ചെയ്യേണ്ടതാണ്. മറ്റു ചില രാജ്യങ്ങളിലെ അംഗസംഖ്യ നോക്കുമ്പോൾ ഇവിടെ ജൽസയിൽ പങ്കെടുക്കുന്നവർ നിസാരമാണ്. എന്നല്ല ജമാഅത്തുകൾ കൂടുതലുള്ള ചില സ്ഥലങ്ങളിലെ ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമാകളിൽ പങ്കെടുക്കുന്നവർ ഇതിനെക്കാളധികമാണ്.

കൂടാതെ ജൽസയുടെ യഥാർഥ ലക്ഷ്യമായ ദുആകളെയും മുന്നിൽ വെയ്ക്കുക. സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. സ്വന്തം നാവുകളെ ദിക്റുകളാൽ ആർദ്രമാക്കുക. ജൽസയിലെ പ്രഭാഷണങ്ങൾ, ഞാൻ മുമ്പേപറഞ്ഞതുപോലെ, ശ്രദ്ധയോടെ ശ്രവിക്കുക. ഇതിനായി ജൽസയിലെ എല്ലാ കാര്യപരിപാടികളിലും പങ്കെടുത്ത് പ്രഭാഷണങ്ങൾ ഒന്നൊഴിയാതെ കേൾക്കാനുള്ള ഏർപ്പാട് ചെയ്യുക. ഇങ്ങനെ നിങ്ങൾക്ക് മക്കളെയും വരുംതലമുറകളെയും പരിപാലിക്കാൻ സാധിക്കുന്ന താണ്. ജൽസയുടെ പ്രാധാന്യമെന്താണെന്ന ബോധം അവരിൽ സൃഷ്ടിച്ചെടുക്കാൻ കഴിയും. ജൽസയിൽ പരസ്പരം അസ്വാരസ്യങ്ങളും ഉണ്ടാകാറുണ്ട്. ജനങ്ങൾ പഴയ ചില പരിഭവങ്ങളും കൊണ്ടു നടക്കാറുണ്ട്. ഒത്തു കൂടുമ്പോൾ അതിന് തീവ്രത കൂടുന്നതായി കാണാം. അതുകൊണ്ട് ഈ അന്തരീക്ഷത്തെ തീർത്തും പരിശുദ്ധമാക്കി വെയ്ക്കുക. പരസ്പരം മനോവേദനയുണ്ടാക്കുന്നതോ ജനങ്ങൾക്ക് മോശമായ അഭിപ്രായം ഉണ്ടാകുന്നതോ ആയ ഒരു സംഗതിയും ഉണ്ടാകരുത്.

അല്ലാഹു ജൽസയെ എല്ലാ നിലയിലും അനുഗ്രഹപൂർണമാക്കട്ടെ. എല്ലാവരും ഈ ജൽസാദിനങ്ങളിൽ ദുആ ചെയ്യുകയും നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുകയും ചെയ്യുക. അല്ലാഹു നിങ്ങളെ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ദുആകളുടെ അവകാശികളാക്കുമാറാകട്ടെ.

☆☆☆

( പേജ് 1ൽനിന്ന്)

ചെയ്യുക. അതായത് എന്റെ അല്ലാഹുവേ! നിന്നോട് പാപപൊറുതി തേടുകയാണ്. നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു. നീ എനിക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന അഴുക്കിൽനിന്ന് മോചനം നല്കി. സൗഖ്യം പ്രദാനം ചെയ്തു. എല്ലാം കഴിഞ്ഞാൽ സോപ്പോ മണ്ണോ ഉപയോഗിച്ച് കൈകൾ കഴുകേണ്ടതാണ്.

**വുളുവിന്റെ കാരണങ്ങൾ:** ഏതൊരു കാരണത്താലാണോ വുളു ചെയ്യൽ നിർബന്ധമായിത്തീരുന്നത് അവയ്ക്കാണ് മൂജി ബാത്തെ വുളു അല്ലെങ്കിൽ അസ്ബാബ് വുളു എന്നു പറയുന്നത്. അതിതാണ്.

മറയ്ക്കിരിക്കൽ. അതായത് വുളു എടുത്ത ഒരാളുടെ മലമൂത്രം വിസർജിക്കുന്ന ദ്വാരങ്ങളിൽ ഇന്ദ്രിയമല്ലാത്ത എന്തെങ്കിലും വസ്തു പുറത്തേക്കു വന്നിട്ടുണ്ടെന്ന് ഉറപ്പായാൽ പുറപ്പെടുന്ന വസ്തു കീഴ്വായു ആയിരുന്നാലും വുളു മുറിയുന്നതാണ്. ചാരി ഇരുന്നോ കിടന്നോ ഉറങ്ങുകയോ ഓർമ നഷ്ടപ്പെടുകയോ ചെയ്താൽ വുളു മുറിയുന്നതാണ്. അത്തരം അവസ്ഥ ഉണ്ടായതിനുശേഷം നമസ്കരിക്കുമ്പോൾ ആദ്യം വുളു ചെയ്യുക. പിന്നീട് നമസ്കരിക്കുക. കാരണം വുളു ഇല്ലാതെ നമസ്കാരം ശരിയാകുകയില്ല. ഒരാൾക്ക് കീഴ്വായു പൊയ്ക്കൊണ്ടിരിക്കുകയും മൂത്രം തുള്ളി തുള്ളിയായി വീണുകൊണ്ടിരിക്കുകയും അല്ലെങ്കിൽ ഇസ്തഹാള അതായത് രജസ്വലതയുടേയോ രക്തസ്രാവത്തിന്റേയോ നിശ്ചിത ദിനങ്ങൾക്കു പുറമെയും രക്തം പോയ്ക്കൊണ്ടിരിക്കുന്ന രോഗമുണ്ടാകുകയും അക്കാരണത്താൽ വുളു നില്ക്കാതിരിക്കുകയുമാണെങ്കിൽ അയാൾ നിർബന്ധിതനാണ്. അയാൾക്ക് ഓരോ നമസ്കാരത്തിന്റേയും നേരത്ത് ഒരിക്കൽ വുളു ചെയ്യുന്നത് മതിയായതാണ്. ആ നേരത്ത് ആ വുളുകൊണ്ട് എന്ത് നമസ്കാരമാണോ ആഗ്രഹിക്കുന്നത് നമസ്കരിക്കാവുന്നതാണ്. കാരണം ആ രോഗം കാരണത്താൽ അവന്റെ വുളു മുറിഞ്ഞുപോകുകയില്ല.

**വുളു ചെയ്യേണ്ട രീതി:**

ഒരാൾ വുളു ചെയ്യാൻ തുടങ്ങുമ്പോൾ ബിസ്മില്ലാഹ് ചൊല്ലുക. ശുദ്ധമായ വെള്ളമെടുത്ത് മണിബന്ധംവരെ കൈകൾ കഴുകുക. പിന്നീട് മൂന്നുപ്രാവശ്യം കുലുക്കുഴിയുക. വായ നല്ലവണ്ണം വൃത്തിയാക്കുന്നതിന് മിസ്വാക് അല്ലെങ്കിൽ ബ്രഷ് ഉപയോഗിക്കേണ്ടതാണ്. അതു ലഭ്യമല്ലെങ്കിൽ വിരലുകൊണ്ട് പല്ല് വൃത്തിയാക്കുക. വെള്ളം കൈക്കുമ്പിളിലെടുത്ത് മൂക്കിൽ കയറ്റി ചീറ്റുകയും നല്ലവണ്ണം വൃത്തിയാക്കുകയും ചെയ്യുക. പിന്നീട് മൂന്നുപ്രാവശ്യം മുഖം മുഴുവൻ കഴുകുക. താടി ഇടതൂർന്നതാണെങ്കിൽ കൈവിരലുകൊണ്ട് മുടികൾ വിടർത്തുന്നത് നല്ലതാണ്. ഇതിനുശേഷം കൈമുട്ടുവരെ മൂന്നുപ്രാവശ്യം കൈക്കഴുകുക. പിന്നീട് മുഴുവൻ തലയും ചെവികളും തടവുക. അതായത് വെള്ളംകൊണ്ട് കൈ നനച്ച് തല മുഴുവനും തടവുക. പിന്നീട് ശഹാദത്തുവിരൽ ചെവിയുടെ ഉള്ളിലേക്കും തള്ളവിരൽ ചെവികളുടെ വെളിയിലേക്കും തടവുക. പിന്നീട് നെരിയാണി ഉൾപ്പെടെ മൂന്നുപ്രാവശ്യം കാലുകൾ കഴുകുക. ആദ്യം വലതുകാലും പിന്നീട് ഇടതു കാലും. ഇതിനുപുറമെ ക്രമങ്ങൾ പരിഗണിക്കുന്നതും അവയവങ്ങൾ നിരന്തരം കഴുകേണ്ടതും അനിവാര്യമാണ്. മുഖം കഴുകുകയും പിന്നെ അതുണങ്ങിയതിനുശേഷം കൈകഴുകുകയും ചെയ്യുക എന്നല്ല. ഒരു വുളുകൊണ്ട് മനുഷ്യന് പല നമസ്കാരങ്ങളും അനുഷ്ഠിക്കാവുന്നതാണ്. വുളു മുറിയുന്ന ഏതെങ്കിലും കാര്യം പ്രകടമാകാത്തിടത്തോളം വുളു നിലനില്ക്കുന്നതാണ്.

**വുളുവിന്റെ ഫർളുകൾ നാലാകുന്നു.**

(1) മുഴുവൻ മുഖവും കഴുകൽ (2) മുട്ടുൾപ്പെടെ കൈ കഴുകുക (3) തല തടവുക (4) നെരിയാണി ഉൾപ്പെടെ കാലുകൾ കഴുകൽ. ഇതിൽ ഏതെങ്കിലും ഫർള് വിട്ടുപോയാൽ വുളു ശരിയാകുകയില്ല.

**വുളുവിന്റെ സുന്നത്തുകൾ:** വുളു ചെയ്യാൻ തുടങ്ങുമ്പോൾ ബിസ്മി ചൊല്ലുക. പിന്നീട് മണിബന്ധം വരെ കൈകഴുകുക. കുലുക്കുഴിയുക. അതിനു മിസ്വാക് ഉപയോഗിക്കുക. മൂക്ക് വൃത്തിയാക്കുക. ഓരോ അവയവവും മൂന്നുപ്രാവശ്യം കഴുകുക. തല മുഴുവൻ ഒരു പ്രാവശ്യം തടവുക. അതിനോടൊപ്പം ചെവികളും കഴുത്തും തടവുക. ഇടതൂർന്ന താടിയാണെങ്കിൽ വിരലുകൊണ്ട് വിടർത്തുക. വിശുദ്ധഖുർആനിൽ പറയപ്പെട്ട ക്രമങ്ങൾ പരിഗണിക്കുക. ഒന്നിനുശേഷം മറ്റൊന്ന് എന്ന നിലയിൽ എല്ലാ അവയവവും കഴുകുക. ആദ്യം വലത് അവയവവും പിന്നീട് ഇടത് അവയവവും കഴുകുക. വെള്ളം ഉചിതമായ അളവിൽ ഉപയോഗിക്കുക. അതിൽ അമിതത്വത്തിൽനിന്നും അതിമിതത്വത്തിൽനിന്നും രക്ഷപ്പെടുക. ഈ എല്ലാ കാര്യങ്ങളും നബി(സ) തിരുമേനിയുടെ സുന്നത്തും അവിടത്തെ നിർദ്ദേശങ്ങളനുസരിച്ചും വുളുവിന്റെ മര്യാദകളിൽ പെട്ടതാണ്.

**വുളുവിന്റെ യുക്തി:** വുളു മുഖേന അലസതയും മടിയും അകന്നുപോകുന്നു. ശരീരത്തിൽ ആർദ്രതയും സന്നദ്ധതയും ഉണ്ടാകുന്നു. ദൈവാരാധനയ്ക്ക് ശ്രദ്ധയും ഏകാഗ്രതയും കരസ്ഥമാകുന്നു. ഈ ബാഹ്യമായ ശുദ്ധികൊണ്ട് ആന്തരികമായ പരിശുദ്ധിയിലേക്ക് ശ്രദ്ധ തിരിച്ചുവിടുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ സാങ്കല്പിക ഭാഷയിൽ മനുഷ്യൻ എപ്രകാരം ഈ ബാഹ്യമായ ജലംകൊണ്ട് ഈ അവയവങ്ങളെ അഴുക്കുകളിൽനിന്ന് അകറ്റുന്നുവോ അതേപ്രകാരം തൗബയുടെ ജലം ഈ അവയവങ്ങളിൽ തെറ്റായ പ്രവൃത്തികൾ കാരണത്താൽ പറ്റിപിടിച്ചിട്ടുള്ള അഴുക്കുകൾ ദൂരീകരിക്കുകയാണ്.

ഇതുപോലെ വുളുവിന്റെ രീതിയിൽ ശരീരത്തിന്റെ 7 ഭാഗം കഴുകുക. ഇത് ആ ഭാഗങ്ങളിലൂടെ ഉണ്ടാകുന്ന പാപങ്ങളിൽനിന്ന് തൗബ ചെയ്യുന്നതിലേക്കുള്ള സൂചനയുടെ വർണം ഉൾക്കൊള്ളുന്നു. നാവ്, കണ്ണ്, ചെവി, അഖൽ, കൈ, കാല്, രഹസ്യസ്ഥാനങ്ങൾ– ഈ ഏഴ് അവയവങ്ങളാണ് അല്ലാഹുവിനോടുള്ള അനുസരണക്കേടിനും അനുസരണത്തിനും കാരണമായിത്തീരുന്നത്. ആലങ്കാരികഭാഷയിൽ ഈ ബാഹ്യമായ അവയവങ്ങളെ കഴുകി ആന്തരികമായ നിലയിൽ വെളിപ്പെടുന്നതിന്റെ ആഗ്രഹത്തിന്റെ പ്രകടനം കാണാവുന്നതാണ്.

കൈകാലുകളിലെ വിരലുകൾ തണുപ്പിക്കുന്നതുകൊണ്ട് വികാരങ്ങളുടേയും ചിന്താഗതികളുടേയും ഒഴുക്കിനെ മാറ്റാൻ സാധിക്കുമെന്ന് ന്യൂറോളജിസ്റ്റുകൾ അനുഭവത്തിലൂടെ സ്ഥാപിച്ചിട്ടുള്ളതാണ്. പിന്നീട് ചിതറിക്കിടക്കുന്ന ചിന്താഗതികളുടെ പ്രവാഹത്തെ വുളു മുഖേന തടഞ്ഞ് മാനുഷ്യമനസിനെ ദൈവസ്മരണയിലേക്ക് തിരിച്ചുവിടുന്നു. ഇതുമുഖേന മധ്യമനില കരസ്ഥമാകുന്നു. ഇതിനു പുറമെ വുളുവിൽ ഏതൊരു അവയവങ്ങളാണോ കഴുകപ്പെടുന്നത് പൊതുവെ അതാണ് തുറന്നിരിക്കുന്നത്. പൊടിപടലങ്ങൾ അതിൽ പതിഞ്ഞുകൊണ്ടിരിക്കുന്നു. അതുകൊണ്ട് അവ കഴുകുന്നതിനാൽ ഒന്ന് അത് വൃത്തിയുള്ളതായിത്തീരുന്നു. രണ്ടാമത്തേത് അവയുടെ കഴുകൽ എളുപ്പമാണ്. കാരണം തുണികൾ തുടങ്ങിയവ മാറ്റേണ്ട ആവശ്യം വരുന്നില്ല. കീഴ്വായുകൊണ്ട് വുളു മുറിയുന്നതിൽ ഒരു പ്രത്യേകമായ യുക്തിയുള്ളത്, മസ്ജിദിന്റെ പവിത്രത നിലനില്ക്കുക എന്നതാണ്. സഭകളിലേയും സമ്മേളനങ്ങളിലേയും അന്തരീക്ഷം ആദ്യമേതന്നെ കൂട്ടത്തോടെയുള്ള ശ്വാസോച്ഛ്വാസം കാരണത്താൽ ഒരുപരിധി വരെ മോശമാകാറുണ്ട്. നിയന്ത്രണമില്ലാതെ കീഴ്വായു ഉണ്ടാകുമ്പോൾ അത് കൂടുതൽ വായുമലിനീകരണമുണ്ടാക്കും.(തുടരും)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലായുടെ 2016-ലെ ഡന്മാർക്ക് പര്യടനം.

❋വഖ്ഫെആർസി ആദ്യം താങ്കളുടെ ആമിലായിൽനിന്നു തുടങ്ങുക. പിന്നീട് മറ്റുള്ളവരെ വഖ്ഫെആർസി ചെയ്യാൻ പ്രേരിപ്പിക്കുക. ❋പതിവായി നമസ്കരിക്കുന്നുണ്ടോ എന്നും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുണ്ടോ എന്നും എം.ടി.എയുമായി ബന്ധമുണ്ടോ എന്നുമുളള കാര്യം ശ്രദ്ധിക്കുക. എല്ലാവരേയും എം.ടി.എയുമായി ബന്ധിപ്പിക്കുക. സ്നേഹത്തോടെ അവരെ അടുത്തുകൊണ്ടുവരിക. ❋ മസ്ജിദിലും ജമാഅത്തിന്റെ സെന്ററുകളിലും വന്നുംപോയുമിരിക്കുന്നതിനും ജമാഅത്തിലെ ആളുകൾ ആക്ടീവായിരിക്കുന്നതിനുമുള്ള പരിപാടികളുണ്ടാക്കുക. ❋ സ്കൈപ്പ് മുഖേന വിശുദ്ധഖുർആൻ പഠിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക. ❋അൻസ്വാറിന് വിശുദ്ധഖുർആൻ പാരായണം ചെയ്യാൻ അറിയുമോ എന്ന് പരിശോധിക്കുക. എന്നിട്ട് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുക. ആമില ഏതു പരിപാടി തയ്യാറാക്കുകയാണെങ്കിലും എപ്പോഴും ആദ്യ സംബോധിതരായി തങ്ങളെ മനസ്സിലാക്കേണ്ടതാണ്. എന്റെ ഓരോ ഖുത്വ്ബയുടേയും ആദ്യസംബോധിതർ തങ്ങളാണെന്ന് മനസ്സിലാക്കുക. അതിനുശേഷം മറ്റുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിക്കുക. ❋ നിങ്ങളുടെ സ്വന്തം പരാതികളെ നിങ്ങളുടെ മതത്തിനുമേൽ വലയം ചെയ്യാൻ വിടരുത്. നിങ്ങളുടെ പരാതി നിങ്ങളിൽ മാത്രം ഒതുക്കിനിറുത്തുക. ചുറ്റും പരത്താതിരിക്കുക. സ്വന്തം വീടുകളിൽ ചർച്ച ചെയ്യാതിരിക്കുക. ❋നിളാമിന്നെതിരിൽ ഒരു കാര്യം ചെയ്യാതിരിക്കുക. ദുആ ചെയ്യുകയും നിങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ അല്ലാഹുവിനോടു സഹായം തേടുകയും ചെയ്യുക. ❋ എം.ടി.എയിൽ എന്റെ ഖുത്വ്ബകളുമായി നിങ്ങളുടെ കുട്ടികളെ ബന്ധപ്പെടുത്തുക. നിങ്ങളുടെ വീടുകളിൽ നിങ്ങളുടെ കുട്ടികളെ എം.ടി.എയുമായി ബന്ധപ്പെടുത്തേണ്ടത് വളരെ നിർബന്ധമാണ്.

## അൻസ്വാറുല്ലാ ഡന്മാർക്ക് നാഷണൽ മജ്ലിസെ ആമില അംഗങ്ങൾക്ക് ഹുദൂർ അൻവറിന്റെ നിർദേശങ്ങളും ഉപദേശങ്ങളും:

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

## 2016 മെയ് 8 (ഞായറാഴ്ച)

### അത്ഫാലിന്റെ ക്ലാസ്:

● ഒരു കുട്ടി ചോദിച്ചു: ഹുദൂറിന് ഇഷ്ടപ്പെട്ട നസം(പദ്യം) ഏതാണ്?

ഹുദൂർ പറഞ്ഞു: 'എല്ലാ പദ്യങ്ങളും നല്ലതുതന്നെയാണ്. എല്ലാ പദ്യങ്ങളിലും അതിന്റേതായ ശ്രേഷ്ഠതയുള്ള ഏതെങ്കിലും വരികളുണ്ടാകും. അത് വളരെയധികം വലിച്ചടുപ്പിക്കുന്നതായിരിക്കും.'

● ഒരു കുട്ടി ചോദിച്ചു: നോമ്പുപിടിക്കാൻ എത്ര വയസാകണം?

ഹുദൂർ പറഞ്ഞു: 'ഇവിടെ ഇരിക്കുന്ന നിങ്ങളിലാർക്കും പൂർണമായി നോമ്പ് പിടിക്കാൻ പ്രായമായിട്ടില്ല. പക്ഷേ, നോമ്പുപിടിക്കുന്ന ശീലമുണ്ടാക്കുന്നതിന് ഒന്നോ അരയോ പിടിക്കണമെങ്കിൽ സന്തോഷത്തോടെ പിടിക്കുക. നല്ല ആരോഗ്യമുണ്ടെങ്കിൽ തടിയും മിടുക്കുമുണ്ടെങ്കിൽ ശീലമെന്ന നിലയിൽ പൂർണ നോമ്പും പിടിക്കാവുന്നതാണ്. പക്ഷേ, ക്ഷീണിച്ചതും മെല്ലിച്ചതുമായ പ്രകൃതമാണെങ്കിൽ പിടിക്കരുത്.'

ഹുദൂർ പറഞ്ഞു: 'വിദ്യാർഥികളിൽ പഠനഭാരവും ഉണ്ടാകുന്നു. ആ ദിനങ്ങളിൽ പരീക്ഷയും നടക്കുന്നുണ്ടാകും. അതുകൊണ്ട് നിങ്ങളിൽ ആരുടേയും പ്രായം നോമ്പുപിടിക്കാൻ പറ്റിയതല്ല. എന്നാൽ, നിങ്ങൾക്ക് 17, 18 വയസ്സായാൽ, യുവാവായാൽ അപ്പോൾ നോമ്പു പിടിക്കേണ്ടതാണ്. പക്ഷേ, നോമ്പു പിടിക്കുന്നതിന് അതിനുമുമ്പേ ശീലമുണ്ടാക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെക്കൊണ്ട് നോമ്പുപിടിപ്പിച്ചത് 11, 12 വയസ്സുള്ളപ്പോൾ ആയിരുന്നുവെന്ന് ഒരിടത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) എഴുതിയിട്ടുണ്ട്. അവിടന്ന് പറഞ്ഞു: 'അതിനുമുമ്പേ പിടിപ്പിച്ചിരുന്നില്ല. അതിനുശേഷം 15, 16, 17 വയസ്സുവരെ ഇടയ്ക്കിടെ കുറച്ചു നോമ്പുപിടിച്ചിരുന്നു. 18-ാമത്തെ വയസ്സു മുതൽ ഞാൻ മുഴുവൻ നോമ്പും പിടിക്കാൻ തുടങ്ങി.'

ഹുദൂർ പറഞ്ഞു: 'നാലും അഞ്ചും വയസ്സുള്ള കുട്ടികളെക്കൊണ്ട് നിർബന്ധിച്ച് നോമ്പെടുപ്പിക്കുന്നവർ ചെയ്യുന്നതും പ്രത്യേകിച്ചും ഉഷ്ണകാലത്ത് ഒരുവിധത്തിലും ശരിയല്ല. അഞ്ചോ ആറോ വയസ്സുള്ള കുട്ടിയെക്കൊണ്ട് ഉഷ്ണകാലത്ത് നോമ്പെടുപ്പിച്ചുവെന്ന് ഒരിക്കൽ പാക്കിസ്താൻ പത്രത്തിൽ വന്നിരുന്നു. കുട്ടിക്ക് ദാഹമുണ്ടായപ്പോൾ വെള്ളത്തിനുവേണ്ടി ഓടാൻ തുടങ്ങി; അപ്പോൾ ആ കുട്ടിയെ മുറിയിലിട്ട് അടച്ചു. വൈകുന്നേരം നോമ്പുതുറക്കുന്ന നേരത്ത്, അവന്റെ കൂട്ടുകാരെ വിളിക്കുകയും തങ്ങളുടെ വീട്ടിൽ തങ്ങളുടെ മകൻ ആദ്യനോമ്പു നോറ്റിരിക്കുന്നുവെന്ന് പറയുകയും നോമ്പു തുറക്കാൻ അവരേയും ക്ഷണിക്കുകയും ചെയ്തു. വാതിൽ തുറന്നപ്പോൾ കുട്ടി മരിച്ചിരുന്നു. ദാഹംകൊണ്ട് മരിച്ചു. ഇത് അക്രമമാണ്. സഹിക്കാൻ കഴിയുന്ന പ്രായമാകുമ്പോഴാണ് നോമ്പു പിടിക്കേണ്ടത്.'

● ഒരു കുട്ടി ചോദിച്ചു: നമ്മളെന്തിനാണ് നമസ്കരിക്കുന്നത്?

ഹുദൂർ പറഞ്ഞു: 'അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കാനാണ് നമ്മൾ നമസ്കരിക്കുന്നത്. അല്ലാഹു നമ്മെ സൃഷ്ടിക്കുകയും ഒരുപാട് വസ്തുക്കൾ നല്കുകയും ചെയ്തു. നമ്മൾ അല്ലാഹുവിനെ റബ്ബുൽ ആലമീൻ അതായത് സർവലോകപരിപാലകനായി വിശ്വസിക്കുന്നു. അവൻ നമ്മെ സൃഷ്ടിച്ചു. നമ്മെ പരിപാലിച്ചു വളർത്തി. നല്ല മാതാപിതാക്കളെ നല്കി. അവർ നമ്മെ നോക്കുന്നു. നമുക്ക് പഠിക്കാനുള്ള അവസരങ്ങൾ ലഭ്യമാക്കി. നമുക്ക് ഭക്ഷണത്തിനുള്ള അവസരങ്ങൾ ഉണ്ടാക്കിത്തന്നു. കൂടാതെ ഒരുപാട് കാര്യങ്ങളുമുണ്ട്. ആരെങ്കിലും ദരിദ്രരാണെങ്കിൽ അവരും തങ്ങളുടെ അവസ്ഥകളിൽ സന്തുഷ്ടരാണ്. സമ്പന്നരാണെങ്കിൽ അവരും സന്തുഷ്ടരാണ്. അതിനാൽ അല്ലാഹുവിന് നന്ദി കാണിക്കുന്നതിനുവേണ്ടി നമ്മൾ നമസ്കരിക്കുന്നു. അതുമുഖേന അല്ലാഹുവുമായി ബന്ധമുണ്ടാകുന്നു. ഇനിയും പാരിതോഷികങ്ങൾ നല്കുമെന്ന് അല്ലാഹു വീണ്ടും പറയുന്നു. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കണമെന്നത് അവൻ നിർബന്ധമാക്കിയിരിക്കുന്നു. എന്നല്ല നിങ്ങളുടെ സൃഷ്ടി ഉദ്ദേശ്യം തന്നെ അവനെ ആരാധിക്കണമെന്നതാണെന്ന് അല്ലാഹു പറയുന്നു.'

ഹുദൂർ പറഞ്ഞു: 'മൃഗങ്ങളും തിന്നുകയും കുടിക്കുകയും ചെയ്യുന്നുണ്ട്. ലോകത്തുനിന്ന് വിടപറയുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങളുടെ ജോലി ഇതല്ല. മറിച്ച്, നിങ്ങളുടെ ജോലി നിങ്ങൾ നിങ്ങളുടെ ബുദ്ധി പ്രയോഗിക്കുകയും അല്ലാഹുവിനോടുള്ള നന്ദിയുള്ള ദാസരായിരിക്കുകയും ചെയ്യുക എന്നതാണ്. അവനെ ആരാധിക്കുക എന്നതുമാണ് അവന് നന്ദി പ്രകടിപ്പിക്കുന്നതിനുള്ള ഒരു മാർഗം. എന്നല്ല ഏറ്റവും വലിയ ഉദ്ദേശ്യം അല്ലാഹു നിങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നതിന് അവനെ ആരാധിക്കുക എന്നതാണ്.'

● ഒരു കുട്ടി ചോദിച്ചു: ഇരുന്ന് വെള്ളം കുടിക്കുന്നതെന്തിനാണ്?

ഹുദൂർ പറഞ്ഞു: ഇരുന്ന് കുടിക്കുന്നത് നല്ല കാര്യമാണ്. ഇരുന്ന് കുടിക്കുക സുന്നത്താണ്. ഇരുന്ന് സാവധാനം കുടിക്കേണ്ടതാണ്. പെട്ടെന്ന് പെട്ടെന്ന് കുടിക്കാതിരിക്കേണ്ടതാണ്. നിർബന്ധാവസ്ഥയിൽനിന്നും കുടിക്കാവുന്നതാണ്; പാപമല്ല. ഗ്ലാസ് തുടങ്ങിയവ ഇല്ലെങ്കിൽ കുനിഞ്ഞുകുടിക്കേണ്ടതായി വരുന്നു. ആ അവസ്ഥകളിൽ അങ്ങനെ കുടിച്ചുകൊള്ളുക. ചില സ്ഥലങ്ങളിൽ ഗ്ലാസിൽ ചങ്ങല പിടിപ്പിച്ചിട്ടുണ്ടാകും. അവിടെനിന്ന് കുടിക്കേണ്ടതായി വരും. എന്നാൽ, സൂക്ഷ്മതയോടും സമാധാനത്തോടും നിറുത്തിനിറുത്തിയും കുടിക്കുക. നന്ദി പ്രകടിപ്പിച്ച് കുടിക്കുക. സൽസ്വഭാവമെന്ന് പറയുന്നത് ഇരുന്ന് കുടിക്കുന്നതാണ്.'

● എന്തിനാണ് ഖായിദ പഠിക്കുന്നതെന്ന് ഒരു കുട്ടി ചോദിച്ചു.

ഹുദൂർ പറഞ്ഞു: 'വിശുദ്ധഖുർആൻ ഓതാൻ കഴിയുന്നതിനാണ് ഖായിദ പഠിക്കുന്നത്. നിങ്ങൾ സ്കൂളിൽ പോകുമ്പോൾ നേരെ മൂന്നാംക്ലാസിൽ പോകുകയില്ലല്ലോ. ആദ്യം നിങ്ങൾ നേഴ്സറിയിൽ പോകും. ആദ്യ ക്ലാസിൽ പോകും. പിന്നീട് രണ്ടാമത്തെ ക്ലാസിൽ പോകും. പിന്നീട് മൂന്നാം ക്ലാസിൽ പോകും. ഇപ്രകാരംതന്നെയാണ് ഖായിദ പഠിക്കുന്നതും. ഖായിദ പഠിച്ചുകഴിഞ്ഞാൽ വിശുദ്ധഖുർആൻ പഠിക്കുക. പിന്നീട് അല്ലാഹു വിശുദ്ധഖുർആനിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് അറിയാൻ വിശുദ്ധഖുർആന്റെ തർജമ പഠിക്കുക. പിന്നീട് പറഞ്ഞത് അതനുസരിച്ച് പ്രവർത്തിക്കാനും അനുസരിക്കാനുമാണ്. വിശുദ്ധഖുർആൻ ഓതുന്നതിന് ട്രെയിനിംഗ് എന്ന നിലയിലാണ് ഖായിദ പഠിക്കുന്നത്. പിന്നീട് നിങ്ങൾക്ക് നല്ലവണ്ണം ഖുർആൻ ഓതാൻ കഴിയും; അല്ലാഹുവിന്റെ കാര്യങ്ങൾ നിങ്ങൾ നല്ലവണ്ണം മനസ്സിലാക്കാനും കഴിയും.

● ഹുദൂർ എന്താണ് യുവത്വത്തിൽ കളിച്ചിരുന്നതെന്ന് ഒരു കുട്ടി ചോദിച്ചു.

ഹുദൂർ പറഞ്ഞു: 'ക്രിക്കറ്റും ബാഡ്മെന്റണും കളിച്ചുകൊണ്ടിരുന്നു. ഈ രണ്ടു കളികളാണ് കളിച്ചുകൊണ്ടിരുന്നത്.'

● ഒരു കുട്ടി ചോദിച്ചു: ഒരാൾ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ അയാളുടെ മുമ്പിലൂടെ കടന്നുപോകാൻ പാടില്ലെന്ന് പറയുന്നതെന്തുകൊണ്ടാണ് ?

ഹുദൂർ പറഞ്ഞു: 'നമസ്കരിക്കുന്ന ആളുടെ ശ്രദ്ധ തെറ്റിപ്പോകുന്നതുകൊണ്ടാണ്. മര്യാദ എന്ന നിലയിലുമാണത്. അതുകൊണ്ടാണ് കാത്തുനില്ക്കാനും അല്ലെങ്കിൽ രണ്ട് സജ്ദയുടെ സ്ഥലത്തുനിന്ന് ദൂരത്തൂടെ കടന്നുപോകാനും പറഞ്ഞിട്ടുള്ളത്.

● മ്യൂസിക്കിന് ഇസ്‌ലാമിൽ അനുവാദമുണ്ടോ എന്ന് ഒരു കുട്ടി ചോദിച്ചു?

ഹുദൂർ പറഞ്ഞു: 'മ്യൂസിക്ക് വായിച്ച് ഡാൻസ് കളിക്കാനും ചാടാനുമാണെങ്കിൽ അനുവാദമില്ല. അതേ! ഒരു പരിധിവരെ ദഫ് മുട്ടാൻ അനുവാദമുണ്ട്. വിവാഹവേളകളിൽ നബി(സ) തിരുമേനിയുടെ കാലഘട്ടത്തിലും ദഫ് മുട്ടാറുണ്ടായിരുന്നു. സന്തോഷം പ്രകടിപ്പിക്കാറുണ്ടായിരുന്നു. പെൺകുട്ടികളാണ് ഈ സന്തോഷം പ്രകടിപ്പിച്ചിരുന്നത്. നിങ്ങൾക്ക് വിവാഹവേളകളിൽ ദഫ് മുട്ടി സന്തോഷം പ്രകടിപ്പിക്കാവുന്നതാണ്. എന്നാൽ, മ്യൂസിക്കിട്ട് പിയാനോ ക്ലാസുകളിൽ പോയി മ്യൂസിക് പഠിക്കുന്നതും പ്രത്യേകിച്ചും അവിടെപോയി വിവിധരീതിയിലുള്ള മ്യൂസിക്ക് വായിച്ചുകൊണ്ടിരിക്കുകയും പിന്നീട് ഡാൻസ് ചെയ്യുകയും ചെയ്യുന്നത് തെറ്റാണ്.

● വെള്ള ശേർവാനീ എന്തിനാണ് ധരിക്കുന്നതെന്ന് ഒരു കുട്ടി ചോദിച്ചു.

ഈ ചോദ്യത്തിനുള്ള മറുപടിയിൽ ഹുദൂർ അയ്യദഹുല്ലാഹ് ചിരിച്ചുകൊണ്ടു പറഞ്ഞു. നിങ്ങൾ ഒരുപാട് വസ്തുക്കൾ എന്റെ ഇഷ്ടമനുസരിച്ച് ധരിക്കാറില്ല. അതുകൊണ്ട് ഞാനും എനിക്കിഷ്ടപ്പെട്ടത് ധരിക്കുന്നു.

● മൂന്ന് കവിളായി വെള്ളമെന്തിനാണ് കുടിക്കുന്നതെന്ന് ഒരു കുട്ടി ചോദിച്ചു.

ഹുദൂർ പറഞ്ഞു: 'നിങ്ങൾ സമാധാനത്തോടെ വെള്ളം കുടിക്കുന്നതിനാണിത്. മെല്ലെ വെള്ളം കുടിക്കുക. ഒറ്റ ശ്വാസത്തിന് കുടിക്കുമ്പോൾ ഏതു പാത്രത്തിലാണോ കുടിക്കുന്നത് അതിൽ ശ്വാസമെടുക്കാൻ പാടില്ല. ശ്വാസമെടുക്കുന്ന കാരണത്താൽ മൂക്കിൽനിന്ന് രോഗാണുക്കൾ വെള്ളത്തിലേക്ക് പോകുന്നു. ഇനി ഒരു കവിൾ കുടിക്കുകയാണെങ്കിലും സാവധാനം കുടിക്കേണ്ടതാണ്. ഒറ്റശ്വാസത്തിന് കുടിച്ചാൽ ഇക്കിട്ടുണ്ടാകുന്നതാണ്. അതുകൊണ്ട് സാവധാനം കുടിക്കുക. വെള്ളം ഒരു കവിളോ രണ്ടു കവിളോ കുടിക്കുക. തൊണ്ട ആർദ്രമാക്കി അല്ലാഹുവിന് നന്ദി നിറവേറ്റുക. പിന്നീട് രണ്ടാമത്തെ കവിൾ എടുക്കുക. പിന്നീട് മൂന്നാമത്തെ കവിളെടുക്കുക. മൃഗങ്ങളും വെള്ളം കുടിക്കാറുണ്ടല്ലോ. അപ്പോൾ മനുഷ്യനും മൃഗവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടാകണമല്ലോ. ചിലപ്പോൾ മൃഗം ഒരൊറ്റ ശ്വാസത്തിൽ ദീർഘനേരം കുടിച്ചുകൊണ്ടിരിക്കുന്നു. പിന്നീട് നിറുത്തുന്നു. നിറുത്തി നിറുത്തി കുടിക്കുന്നത് ആരോഗ്യത്തിനും നല്ലതാണ്. ചിലപ്പോൾ കഠിനമായ ദാഹമുണ്ടാകുന്നു. ചൂടു കൊണ്ട് എത്രമാത്രം തൊണ്ട വരണ്ടുപോകുമെന്നാൽ മനുഷ്യൻ വെള്ളം കുടിച്ചുകൊണ്ടേ പോകുന്നു. എത്രയധികം കുടിക്കുന്നുവെന്നാൽ വയർ കേടാകുന്നു. മനുഷ്യൻ രോഗിയായിത്തീരുന്നു. അതുകൊണ്ട് നല്ലത് മെല്ലെ മെല്ലെ വെള്ളം കുടിക്കുകയും തൊണ്ട ആർദ്രമാക്കിവെക്കുകയും ചെയ്യുക എന്നതാണ്. ഇത് മര്യാദയുമാണ്. നിങ്ങളുടെ ആരോഗ്യവും അതുമുഖേന നന്നായിരിക്കും. രോഗിയാകുമോ എന്ന ഭയവുമുണ്ടാകുകയില്ല. അതിനാൽ, വെള്ളം കുടിച്ചുകൊണ്ട് അല്ലാഹുവിന് നന്ദി പറയുക.

● ഒരു കുട്ടി ചോദിച്ചു, ഹുദൂർ ഖുത്ബ തയ്യാറാക്കുന്നതിന് എത്ര സമയമാണെടുക്കുന്നത്?

ഹുദൂർ പറഞ്ഞു: 'ചിലപ്പോൾ രണ്ട് മണിക്കൂർ എടുക്കും. ചിലപ്പോൾ അഞ്ചോ ആറോ മണിക്കൂർ വേണ്ടിവരും. ഉദ്ധരണികൾ കൂടുതലുണ്ടെങ്കിൽ അത് വായിക്കുന്നതിന് രണ്ടുമൂന്ന് മണിക്കൂർ എടുക്കുന്നതാണ്. പിന്നീട് പ്രിന്റ് ചെയ്ത് തരുന്നതിനുവേണ്ടി എന്റെ ഓഫീസിലുള്ളവർക്ക് കൊടുക്കുന്നു. സ്വയം തയ്യാറാക്കുകയാണെങ്കിൽ രണ്ടുമൂന്ന് മണിക്കൂർ അധികവും വേണ്ടിവരും.'

● ഉറക്കവും മരണവും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് ഒരു കുട്ടി ചോദിച്ചു.

ഹുദൂർ പറഞ്ഞു: 'നിങ്ങൾ ഉറക്കത്തിനുശേഷം ലോകത്ത് വീണ്ടും വരുന്നു. ഉറക്കാവസ്ഥയിൽനിന്ന് കുറച്ചുപേരെ തിരിച്ചയക്കുന്നുവെന്ന് അല്ലാഹു പറയുന്നു. മരണത്തോടെ നിങ്ങൾ അടുത്തലോകത്ത് പോകുന്നു. ഈ ലോകത്ത് തിരിച്ചുവരികയില്ല. പരലോകത്തു പോകുന്നു.

● ആരെങ്കിലും നമ്മളോടു നിങ്ങൾ മുസ്‌ലിംകളല്ലെന്ന് പറഞ്ഞാൽ നമ്മൾ എന്തു മറുപടിയാണ് നല്കേണ്ടത്?

ഹുദൂർ പറഞ്ഞു: 'മുസ്‌ലിമിന്റെ നിർവചനമെന്താണെന്ന് അവരോടു ചോദിക്കുക. നബി(സ) തിരുമേനി പറയുകയുണ്ടായി; **ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ്** എന്ന കലിമ ചൊല്ലുന്നവൻ മുസ്‌ലിമാണ്. നാം അറുക്കുന്നത് തിന്നുകയും നമ്മുടെ ഭക്ഷണം കഴിക്കുകയും നമ്മളോടൊപ്പം ഇരിക്കുകയും എഴുന്നേല്ക്കുകയും ചെയ്യുന്നവനും മുസ്‌ലിമാണ്. കലിമ ത്വയ്യിബ ചൊല്ലുന്നവൻ മുസ്‌ലിമാണ്. നമ്മൾ **ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്** ചൊല്ലുന്നു. അതുകൊണ്ട് നമ്മൾ മുസ്‌ലിംകളാണ്. നിങ്ങൾ മുസ്‌ലിംകളല്ലെന്ന് പറയുന്നവരോട് മുസ്‌ലിംകൾ ആരാണെന്ന് ചോദിക്കുക. കലിമ ത്വയ്യിബ ചൊല്ലുന്നവൻ മുസ്‌ലിമാണെന്ന് നബി(സ)തിരുമേനി നമ്മളോട് പറഞ്ഞു. സാദാ മറുപടിയിതാണ്; നമ്മൾ ഖുർആൻ ഓതുന്നു. നബി(സ) തിരുമേനിയിൽ വിശ്വസിക്കുന്നു. അല്ലാഹു ഏകനാണെന്ന് വിശ്വസിക്കുന്നു. ഇസ്‌ലാം അവസാനമതമാണെന്ന് വിശ്വസിക്കുന്നു. വിശുദ്ധഖുർആൻ അവസാനഗ്രന്ഥമാണെന്ന് വിശ്വസിക്കുന്നു. നബി(സ) തിരുമേനി അവസാന പ്രവാചകനാണെന്ന് വിശ്വസിക്കുന്നു. കലിമത്വയ്യിബ ചൊല്ലുന്നു. അതുകൊണ്ട് നമ്മൾ മുസ്‌ലിംകളാണ്.'

ഹുദൂർ പറഞ്ഞു: 'ആരെങ്കിലും നമ്മെ എന്തെങ്കിലും പറഞ്ഞാൽ നമുക്കെന്ത്? നമ്മൾ അല്ലാഹുവിനാണ് മറുപടി നല്കേണ്ടത്; ഇവർക്ക് മറുപടി നല്കേണ്ടതില്ല. പിന്നീട് നിങ്ങൾ അവരോടു പറയുക; ഞങ്ങൾ ഞങ്ങളെ മുസ്‌ലിംകളെന്ന് മനസ്സിലാക്കുന്നു. നിങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ വേണ്ട. നിങ്ങൾക്ക് മനസ്സിലാക്കിത്തരേണ്ട ആവശ്യം നമുക്കില്ല. ഞങ്ങൾ അല്ലാഹുവിനാണ് ജീവൻ നല്കേണ്ടത്. മരിച്ചതിനുശേഷം ഒരു മനുഷ്യന്റെ അടുക്കലും പോകുകയില്ല.

● അങ്ങ് എന്തിനാണ് ഈ മോതിരം ഇട്ടിരിക്കുന്നതെന്ന് ഒരു കുട്ടി ചോദിച്ചു.

ഹുദൂർ പറഞ്ഞു: 'ഈ മോതിരത്തിനുള്ള പ്രത്യേകത ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേതാണെന്നതാണ്. വലിയ അനുഗൃഹീതമായ മോതിരമായതുകൊണ്ടാണ് ഇത് ധരിച്ചിരിക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അദ്ദേഹത്തിന്റെ പിതാവ് വഫാത്തായപ്പോൾ ഈ ഇൽഹാമുണ്ടായി. **അലയ്സല്ലാഹു ബികാഫിൻ അബ്ദുഹു.** അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ? ഈ മോതിരം ഉണ്ടാക്കിയിട്ട് 135,136 വർഷം ആയിരിക്കുന്നു.'

● ഇസ്‌ലാമിൽ എന്തുകൊണ്ടാണ് 73 കക്ഷിയെന്ന് ഒരു കുട്ടി ചോദിച്ചു.

ഹുദൂർ പറഞ്ഞു: 'മറ്റു മതങ്ങളിലും ഇത്ര കക്ഷികളുണ്ട്. നബി(സ) തിരുമേനി ഇത്ര കക്ഷികൾ മുസ്‌ലിംകളിലുണ്ടാകുമെന്ന് പ്രവചനം ചെയ്തിരുന്നു. അവരിൽ ഒത്തൊരുമയും

● **ഒരു കുട്ടി ചോദിച്ചു: ഏതു പ്രായത്തിലാണ് മൊബൈൽ കൈയിൽവെച്ചു തുടങ്ങേണ്ടത്?**

ഹുദൂർ പറഞ്ഞു: 'നിങ്ങളുടെ മാതാപിതാക്കൾ അനുവാദം തരുമ്പോൾ! നിങ്ങൾക്ക് മൊബൈൽ ഫോൺ തരണമെന്ന് അവർ തീരുമാനിക്കുമ്പോൾ. ചിലപ്പോൾ കുട്ടികൾ സ്കൂളിൽ പോകുമ്പോഴും ഏഴാം ക്ലാസിലോ എട്ടാം ക്ലാസിലോ പഠിക്കുമ്പോഴും 12,13 വയസ്സുള്ളപ്പോഴും കുട്ടികൾക്ക് ഫോൺ കൊടുക്കാറുണ്ട്. പക്ഷേ, നിങ്ങൾ ഐഫോണും സ്മാർട്ട് ഫോണും അതുപോലുള്ള മറ്റു വസ്തുക്കളും കൈയിൽ വെക്കുകയും ആപ്സ് കാണുന്നതിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ തെറ്റായ പ്രവൃത്തി ചെയ്യാനിടയുണ്ട്. അതുകൊണ്ടാണ് മാതാപിതാക്കൾ നിങ്ങളെ തടയുന്നത്. നിങ്ങൾക്ക് ആരെങ്കിലുമായി ബന്ധപ്പെടണമെങ്കിൽ സാധാരണ ഫോൺ ഉയോഗിക്കുക. അത് കൈയിൽ വെക്കാവുന്നതാണ്. നിങ്ങൾ വ്യാപാരികളൊന്നുമല്ലല്ലോ. വിദ്യാർഥികളാണ്. മൊബൈൽ ഫോൺ എപ്പോഴും കൈയിലുണ്ടെങ്കിൽ അതിൽ ആപ്സ് തിരഞ്ഞുകൊണ്ടിരിക്കും. വ്യർഥമായ തരത്തിലുള്ള ആപ്സ് നിങ്ങൾക്ക് കിട്ടുകയും ചെയ്യും. പിന്നീട് പഠനത്തിലേക്കുള്ള ശ്രദ്ധ കുറഞ്ഞുപോകും. ആപ്സ് ഉള്ള ഫോൺ നിലവിൽ വന്നതുമുതൽ ആക്സിഡന്റ് വർധിച്ചതായി പറയപ്പെടുന്നു. സ്ത്രീകളും പുരുഷന്മാരും നടന്ന് റോഡ് മുറിച്ചുകടക്കുമ്പോൾ എപ്പോഴും ഫോണിൽ വിരലമർത്തിക്കൊണ്ടാണ് പോകുന്നത്. അവിടെനിന്ന് കാർ വന്ന് ഇടിക്കുന്നു. മനുഷ്യൻ മരിക്കുകയും ചെയ്യുന്നു. മൊബൈൽ ഫോൺ കാരണത്താൽ അപകടങ്ങളും വർധിച്ചിരിക്കുന്നു. മരണനിരക്കും കൂടുതലായിരിക്കുന്നു. ഇത്തരത്തിലുള്ള ഫോൺ കൈയിൽ വെക്കേണ്ട പ്രായമല്ല നിങ്ങളുടേത്. പഠനത്തിനു നിർബന്ധമാണെങ്കിൽ വീട്ടിൽ കമ്പ്യൂട്ടർ നിങ്ങളുടെ മാതാപിതാക്കളുടെ മേൽനോട്ടത്തിൽ വെച്ചുകൊള്ളുക. ആരെങ്കിലുമായി ബന്ധപ്പെടേണ്ട ആവശ്യമുണ്ടെങ്കിൽ ആപ്സ് ഒന്നുമില്ലാത്ത സാധാരണഫോൺ ഉപയോഗിക്കുക. മറ്റുള്ളത് നിങ്ങളുടെ മാതാവിനും പിതാവിനും നിങ്ങളെ വിശ്വാസമുണ്ടെങ്കിൽ വെച്ചുകൊള്ളുക. പക്ഷേ, നിങ്ങൾ സൂക്ഷിക്കേണ്ടതാണ്. വ്യർഥമായ തരത്തിലുള്ള ആപ്സ് തിരഞ്ഞും അല്ലെങ്കിൽ മറ്റു പരിപാടികൾ ഇന്റർനെറ്റിൽ നിന്നെടുത്തും കാണരുത്. എന്നല്ല, നല്ല നല്ല കാര്യങ്ങൾ കാണുക. ഉദാഹരണത്തിന് ഈയിടെയായി എം.ടി.എ അൽഇസ്‌ലാം വെബ്സൈറ്റ് ഐഫോണിൽ വരുന്നുണ്ട്. ദീൻ പഠിക്കണമെന്നുണ്ടെങ്കിൽ വെക്കുന്നതുകൊണ്ട് കുറ്റമൊന്നുമില്ല.

ഏകതയും ഉണ്ടാകുകയില്ല. 73-ാമത്തെ കക്ഷി ശരിയായ മാർഗത്തിലായിരിക്കും. വാഗ്ദത്ത മസീഹ് വരുമ്പോഴായിരിക്കും ആ കക്ഷി വരുന്നത്. ഇത് നബി(സ) തിരുമേനിയുടെ പ്രവചനമാണ്. ഇപ്പോൾ സുന്നികളിൽ 30, 35 കക്ഷിയുണ്ട്. ശിയാക്കളിൽ 34, 35 കക്ഷിയുണ്ട്. മെയിൻ കക്ഷി കേവലം രണ്ടാണ്. സുന്നിയും ശിആയും. പിന്നീട് അവരിൽനിന്നുള്ള അവാന്തര വിഭാഗങ്ങളാണ്. അവസാനകാലത്ത് ഇത്ര കക്ഷിയുണ്ടാകും എന്ന നബി(സ) തിരുമേനിയുടെ പ്രവചനം പുലർന്നു! അതിന്റെ ഉദ്ദേശ്യം ഇസ്‌ലാമിൽ ഭിന്നിപ്പുകൾ ഉണ്ടാകുമെന്നാണ്. ജനത ഒന്ന് ആയിരിക്കുകയില്ല. ഏകതയും ഐക്യവും നിലനില്ക്കുകയില്ല. ആ നേരത്ത് ഇമാം മഹ്ദിയുടെ ആവിർഭാവമുണ്ടാകും.

• എന്തുകൊണ്ടാണ് അഹ്മദി ഹജ്ജ് ചെയ്യാത്തതെന്ന് ഒരു കുട്ടി ചോദിച്ചു:

ഹുദൂർ പറഞ്ഞു: 'അഹ്മദി ഹജ്ജിന് പോകുന്നുണ്ടെന്ന് ഞാൻ ഇപ്പോൾ പറഞ്ഞതേയുള്ളൂ. ഹജ്ജ് ചെയ്യുന്നുണ്ട്. ഹജ്ജിന് ചില നിബന്ധനകളുണ്ട്. യാത്രാചെലവു വേണം. വഴി തടസ്സമുണ്ടാകരുത്. ആരോഗ്യമുണ്ടാകണം. വഴിയിൽ അപകടമൊന്നും ഉണ്ടാകരുത്. നിങ്ങളെ ഹജ്ജ് ചെയ്യുന്നതിൽനിന്ന് തടയാനും പാടില്ല. ഇതെല്ലാം ഹജ്ജ് ചെയ്യുന്ന ആൾക്കുള്ള നിബന്ധനകളാണ്. ഇപ്പോൾ അഹ്മദികളെ ബാഹ്യമായ നിലയിൽ ഹജ്ജിൽനിന്ന് തടയുന്നുണ്ട്. അതുകൊണ്ട് അഹ്മദിയ്ക്ക് പരസ്യമായി, താൻ അഹ്മദിയാണെന്ന് പ്രകടിപ്പിച്ചുകൊണ്ട് ഹജ്ജ് ചെയ്യാൻ പറ്റുകയില്ല. കാരണം സഊദി ഭരണകൂടം പി ന്നെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. പക്ഷേ, ഇതൊക്കെ ഉണ്ടായിട്ടും അഹ്മദി ഹജ്ജ് ചെയ്യുന്നു.'

ഹുദൂർ പറഞ്ഞു: 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ഹജ്ജ് ചെയ്തിരുന്നു. ധാരാളം അഹ്മദികൾ ഹജ്ജ് ചെയ്യുന്നു. എല്ലാ വർഷവും ഹജ്ജിന് പലരും പോകുന്നുണ്ട്. സർക്കാരിൽനിന്ന് തടസങ്ങളുണ്ടാകുന്നതുകൊണ്ട് തങ്ങളെ രഹസ്യമാക്കിയാണ് അവർ ഹജ്ജിന് പോകുന്നത്.'

• ഞങ്ങൾ ഞങ്ങളുടെ സുഹൃത്തുക്കളെ എങ്ങനെയാണ് തബ്‌ലീഗ് ചെയ്യേണ്ടതെന്ന് ഒരു കുട്ടി ചോദിച്ചു.

ഈ ചോദ്യത്തിന് മറുപടിയായി ഹുദൂർ പറഞ്ഞു: 'നിങ്ങളുടെ സ്നേഹിതന്മാർക്ക് നല്ല മാതൃക കാണിക്കുക. നിങ്ങൾ അഹ്മദി മുസ്‌ലിമാണെന്ന് അവർക്ക് അറിവുണ്ടാകണം. അല്ലാഹുവിനെ ഏകനായി വിശ്വസിക്കുന്നവരാണെന്നും വിശുദ്ധഖുർആനെ വിശ്വസിക്കുന്നവരാണെന്നും നബി(സ) തിരുമേനിയെ വിശ്വസിക്കുന്നവരാണെന്നും അഹ്മദി ജമാഅത്ത് നിങ്ങളെ നല്ല കാര്യങ്ങൾ പഠിപ്പിക്കുന്നുവെന്നും നിങ്ങളെ ഈ നല്ല കാര്യങ്ങൾ വിശുദ്ധഖുർആനാണ് പഠിപ്പിച്ചതെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണ് പഠിപ്പിച്ചതെന്നും അവർ അറിയണം. നല്ല കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും അവരെ നല്ല കാര്യങ്ങൾ പഠിപ്പിക്കുകയും സ്വയം മാതൃകയാകുകയും ചെയ്യുമ്പോൾ മറ്റുള്ളവർ നിങ്ങളിലേക്ക് ശ്രദ്ധിക്കും. നിങ്ങൾ പറയുന്നത് നല്ലതാണെന്ന് കണ്ടാൽ വിശ്വസിക്കും. അതുകൊണ്ട് നിങ്ങളെ നല്ലതാക്കിക്കാണിക്കുക; എന്നാൽ ജനങ്ങൾ നിങ്ങളിലേക്കുവരും.'

ഹുദൂറുമായുള്ള അത്ഫാലിന്റെ ഈ ക്ലാസ് 7.40ന് അവസാനിച്ചു. (തുടരും)

(2016 ജൂൺ 2 ബദ്ർ)

# 124-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 124-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2018 ഡിസംബർ 28,29,30(വെള്ളി, ശനി, ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനും വേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

# നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം, അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com-**

( പേജ് 1ൽനിന്ന്)

രണം കല്ല് അല്ലാഹുവിന്റേതാണ്. കൈയും അല്ലാഹുവിന്റേതാണ്. രണ്ടാമത്തെ കല്ല് എന്റെ എതിരാളികൾ തയ്യാറാക്കി അതിന്നെതിരിൽ വെച്ചു. അതായത് അക്കാലത്തുള്ള യഹൂദികൾ ചെയ്ത അതേ പ്രവൃത്തിതന്നെ ഇവർ എനിക്കെതിരെ ചെയ്തു. എത്രത്തോളമെന്നാൽ എന്നെ നശിപ്പിക്കുന്നതിനുവേണ്ടി ഒരു വധോദ്യമകേസുണ്ടാക്കി. ഇതിനെക്കുറിച്ച് എന്റെ അല്ലാഹു മുൻകൂട്ടി എന്നെ അറിയിച്ചിരുന്നു."

1.ഹദ്റത്ത് ഈസാനബി(അ)യുടെ കാലത്ത് യഹൂദികൾ പല കക്ഷികളായിട്ടുണ്ടായിരുന്നുവെങ്കിലും അവരിൽ രണ്ടു കൂട്ടരാണ് സത്യമാർഗത്തിൽ നിലനിന്നിരുന്നവരെന്ന് കരുതപ്പെടുന്നു. (1) ഒരുകൂട്ടർ തൗറാത്തിൽ നിഷ്ഠയുള്ളവരായിരുന്നു. അതിൽനിന്ന് ഗവേഷണം വഴി പ്രശ്നപരിഹാരം നടത്തിക്കൊണ്ടിരുന്നു. (2) രണ്ടാമത്തെ കക്ഷി അഹ്‌ലെ ഹദീഥായിരുന്നു. ഇവർ തൗറാത്തിന്മേൽ ഹദീഥുകളെ വിധികർത്താവായി കണ്ടിരുന്നു. ഈ അഹ്‌ലെ ഹദീഥുകാർ യിസ്രായേൽ നാടുകളിൽ അധികമായി വ്യാപിച്ചിരുന്നു. ഇവർ അധികം തൗറാത്തിനു വിരുദ്ധമായ രീതിയിലുള്ള ഹദീഥുകളനുസരിച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്. ഇവരുടെ ന്യായവും വാദവും ന്യായപ്രമാണപരമായ ചില പ്രശ്നങ്ങൾ- ഉദാഹരണമായി ദൈവാരാധനകൾ, ക്രയവിക്രയങ്ങൾ, മുതലായവയെ കുറിച്ചുള്ള അധ്യാപനങ്ങൾ തൗറാത്തിൽനിന്നല്ല ഹദീഥുകളിൽനിന്നാണ് ലഭ്യമാകുന്നതെന്നാണ്. ഈ ഹദീഥു ഗ്രന്ഥത്തിന്റെ പേര് ത്വാൽമൂദ് എന്നായിരുന്നു. ഇതിൽ ഓരോ നബിയുടെ കാലത്തുമുള്ള ഹദീഥുകൾ ക്രോഡീകരിക്കപ്പെട്ടിരുന്നു. ഈ ഹദീഥുകൾ ഒരു കാലംഘട്ടംവരെ വാചികമായതായിരുന്നുവെങ്കിലും പിന്നീടെ അവ രേഖപ്പെടുത്തുകയുണ്ടായി. അതുകൊണ്ട് അവയിൽ ചിലത് കല്പിതങ്ങളുടെ ഭാഗവുമായി കൂടിച്ചേർന്നു. അതിനുശേഷം യഹൂദികൾ 73 കക്ഷിയായി പിരിയുകയും ഓരോ കക്ഷിയും അവരുടേതായ ഹദീഥുകൾ വെവ്വേറെയായിട്ടെടുക്കുകയും ഹദീഥു പണ്ഡിതന്മാർ ഹദീഥിലേക്കുള്ള ശ്രദ്ധ ഉപേക്ഷിക്കുകയും ചെയ്ത കാരണത്താൽ മിക്കതും ഹദീഥുകളനുസരിച്ചുള്ള പ്രവർത്തനമായിരുന്നു. അങ്ങനെ തൗറാത്ത് ഉപേക്ഷിക്കപ്പെട്ടതും പിമ്പുറം തള്ളിക്കളഞ്ഞ അവസ്ഥയിലുമായി. ഹദീഥനുസരിച്ചുള്ളതാണെങ്കിൽ സ്വീകരിക്കുകയും അല്ലാത്തതിനെ ഉപേക്ഷിക്കുകയും ചെയ്തു. അക്കാലത്താണ് ഹദ്റത്ത് ഈസാനബി(അ) ഭൂജാതനായത്. അദ്ദേഹത്തിന്റെ സംബോധകർ പ്രത്യേകിച്ച് അഹ്‌ലെ ഹദീഥുകാരായിരുന്നു. അവർ തൗറാത്തിനെക്കാളേറെ ഹദീഥുകളെ ബഹുമാനിച്ചിരുന്നു. യഹൂദികൾ പല കക്ഷികളായി പിരിയുകയും വേദഗ്രന്ഥത്തെ ഉപേക്ഷിച്ചുകൊണ്ട് അതിനുവിരുദ്ധമായ ഹദീഥുകളനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്യുമ്പോൾ അവർക്ക് ഒരു നീതിമാനായ വിധികർത്താവിനെ നല്കുമെന്ന് നബിമാരുടെ എഴുത്തുകളിൽ മുൻകൂട്ടിത്തന്നെ അറിയിക്കപ്പെട്ടിരുന്നു. അദ്ദേഹം മസീഹ് എന്ന് പറയപ്പെടും. അദ്ദേഹത്തെ അവർ സ്വീകരിക്കുകയില്ല. അവസാനം അവരുടുമേൽ കഠിനമായ ശിക്ഷ ഇറങ്ങും. അത് പ്ലേഗിന്റെ ശിക്ഷയായിരുന്നു.(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ, വാള്യം 19, പേജ് 52-54)




## കലാമുൽ ഇമാം:-

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്." (മൽഫൂദാത്ത്, വാള്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

## കലാമുൽ ഇമാം:-

**"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാള്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 11 October 2018 Issue-41

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# സന്മാർഗപാത

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

അല്ലാഹുവിനുവേണ്ടി മാത്രം ചില കാര്യങ്ങൾ കുറഞ്ഞ നിലയിൽ ഉപദേശിക്കുകയാണ്. വിസ്തരിച്ചു പറയേണ്ട കാര്യമില്ല. കാരണം അല്ലാഹു നന്മയും ശുദ്ധപ്രകൃതിയും നല്ല കഴിവും നല്കി അനുഗ്രഹിച്ചിട്ടുള്ളവർ സൂചന കൊണ്ടുമാത്രം പറയുന്ന കാര്യങ്ങളുടെ യഥാർഥ ഉദ്ദേശ്യവും പൊരുളും മനസ്സിലാക്കുകയും അത് ഉൾക്കൊള്ളുകയും ചെയ്യും. എന്നാൽ, പ്രസ്തുത ഗുണം ലഭിച്ചിട്ടില്ലാത്തവരും അല്ലാഹുവിന്റെ സത്തയിലും ശക്തിയിലും അടിയുറച്ചു വിശ്വാസമില്ലാത്തവരും സ്വന്തം ഇച്ഛകളെ പിൻപറ്റുന്നു. അവർ അധമമായ അവസ്ഥയിൽ കഴിയുന്നവരാണ്. എല്ലാ പ്രവാചകന്മാരും ഒന്നുചേർന്ന് ഒരേയൊരു മിമ്പറിൽ കയറി അവരെ ഉപദേശിച്ചാലും അവർക്കത് ഒരു പ്രയോജനവും ചെയ്യുകയില്ല.

### സത്സ്വഭാവികളാകുക:

ഓരോ നബിയുടേയും ദൈവനിയോഗിതന്റേയും കാലത്ത് രണ്ട് കക്ഷികൾ ജന്മംകൊള്ളാറുണ്ട്. ഒരു കക്ഷി ഭാഗ്യവാന്മാരാണ്, മറ്റേ കക്ഷി ഭാഗ്യഹീനരാണ്. ഉപദേശനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇരുകൂട്ടരും ഒരുപോലെ നബിമാരുടെ മുമ്പിലുണ്ടായിരുന്നു. നബിമാർ ഒരിക്കലും പക്ഷവാദം കാണിച്ചില്ല. ഭാഗ്യവാന്മാരോടെന്നപോലെ നിർഭാഗ്യവാന്മാരോടും ഉപദേശിക്കുക എന്ന തങ്ങളുടെ കടമ അവർ പൂർണമായ നിലയിൽ നിറവേറ്റി. എന്നാൽ, ഭാഗ്യവാന്മാരായ ജനതയ്ക്ക് കേൾക്കാനുള്ള ചെവിയുണ്ടായിരുന്നു. അതുകൊണ്ട് അവർ കേട്ടു. കണ്ണുകളുണ്ടായിരുന്നു. അതുകൊണ്ട് അവർ കണ്ടു. ഹൃദയമുണ്ടായിരുന്നു. അതുകൊണ്ട് അവർ കാര്യങ്ങൾ മനസ്സിലാക്കി. എന്നാൽ, നിർഭാഗ്യവാന്മാരായ ജനതയ്ക്ക് കേൾക്കാനുള്ള ചെവിയോ കാണാനുള്ള കണ്ണോ അറിയാനുള്ള ഹൃദയമോ ഉണ്ടായിരുന്നില്ല.

### മക്കയിൽ അബുബക്കറിനെപ്പോലുള്ള സത്യസന്ധരും അബുജഹ്ലിനെ പോലുള്ള ശപ്തരും ജനിച്ചത് എന്തുകൊണ്ട്?

മക്കയുടെ മണ്ണ് ഒരൊറ്റ മണ്ണാണ്. ആ മണ്ണിലാണ് ഹദ്റത്ത് അബൂബക്കറും(റ) അബൂജഹ്ലും ജനിച്ചത്. മക്കയ്ക്ക് ഒരു മാറ്റവുമില്ല. അത് ഒന്നുതന്നെ. അവിടെ ഇപ്പോൾ കോടിക്കണക്കിന് നാനാതരം ജനങ്ങൾ ലോകത്തിന്റെ സർവ്വഭാഗങ്ങളിൽനിന്നും വന്നുചേരുന്നു. ആ ഒരേയൊരു മണ്ണിൽതന്നെയാണ് മുകളിൽപറഞ്ഞ രണ്ടുതരം മനുഷ്യരും ജനിച്ചത്. ഇവരിൽ ആദ്യം പറഞ്ഞ വ്യക്തി തന്റെ സൗഭാഗ്യവും സാത്വികതയും കൊണ്ട് സന്മാർഗം പ്രാപിച്ച് സിദ്ദീഖുമാരുടെ പരിപൂർണത കൈവരിച്ചു. രണ്ടാമതു പറഞ്ഞ വ്യക്തിയാകട്ടെ വിദ്വേഷത്തിലും, വിവരക്കേടിലും, വിദണ്ഡവാദത്തിലും അവിശുദ്ധ പോരാട്ടത്തിലും കുപ്രസിദ്ധി നേടി.

പൂർണത രണ്ടു തരത്തിലുണ്ട്. ഒന്ന് റഹ്മാനിയായത്–ദിവ്യമായത്. രണ്ട് ശയ്ത്വാനിയായത്– പൈശാചികമായത്. പൂർണമായും റഹ്മാനിയായ മനുഷ്യൻ ദൈവിക സന്നിധിയിൽ പ്രത്യേകമായ ഒരു പ്രസിദ്ധിയും മാന്യതയും കരസ്ഥമാക്കുന്നു. പൂർണമായും ശയ്ത്വാനിയായ മനുഷ്യൻ പിശാചുക്കളുടെ സന്താനങ്ങളിൽ പ്രസിദ്ധി നേടുന്നു.

ചുരുക്കിപ്പറഞ്ഞാൽ, മുകളിൽ പറഞ്ഞ ആ ഒരേ മണ്ണിൽ ഈ രണ്ടുപേരും ജാതരായി. അല്ലാഹുവിന്റെ പ്രവാചകൻ(സ.അ) ആരോടും ഒരു വിവേചനവും കാണിച്ചില്ല. അല്ലാഹു എത്തിക്കാൻ കല്പിച്ച കാര്യങ്ങൾ എല്ലാവർക്കും ഒരുപോലെ എത്തിച്ചുകൊടുത്തു. എന്നാൽ, ഭാഗ്യദോഷികൾ എല്ലാം നിഷേധിക്കുന്നവരായിത്തീർന്നു. ഭാഗ്യശാലികൾ സന്മാർഗം പ്രാപിച്ച് സമ്പൂർണരായി. അബൂജഹ്ലും അയാളുടെ കൂട്ടുകാരും നൂറുക്കണക്കിന് ദൃഷ്ടാന്തങ്ങൾ കണ്ടു. ദൈവികപ്രകാശവും അനുഗ്രഹവും ദർശിക്കുകയും ചെയ്തു. പക്ഷേ, അതുകൊണ്ട് ഒരു ഫലവും അവർക്കുണ്ടായില്ല. ഭയപ്പെടേണ്ടത് ഇത്തരം ഘട്ടങ്ങളിലാണ്. അബൂജഹ്ലിനെ നിഷേധിയാക്കിത്തീർത്ത ആ സംഗതി എന്തായിരുന്നു? അയാൾ മഹാനായ ഒരു നബിയുടെ കാലത്ത് ജീവിച്ചു. നബിമാർപോലും അക്കാലത്ത് ജീവിക്കാൻ അതിയായി ആഗ്രഹിച്ചവരായിരുന്നു. ഹദ്റത്ത് ആദം (അ) മുതൽ തുടർന്നുവന്ന ഓരോ നബിമാരുടേയും ആഗ്രഹം അതായിരുന്നു. എന്നാൽ, അവർക്കാർക്കും അക്കാലത്തു ജനിക്കാൻ കഴിഞ്ഞില്ല. സകല കാലത്തെക്കാളും അനുഗൃഹീതമായിരുന്ന ആ കാലം ഈ ഭാഗ്യഹീനന് ലഭിച്ചു. പക്ഷേ, അയാൾ അതിനെ പ്രയോജനപ്പെടുത്തിയില്ല. ഇതിൽനിന്ന് ഇത് ഭയപ്പെടേണ്ട ഒരു അവസ്ഥയാണെന്ന കാര്യം വളരെ വ്യക്തമാണ്. അല്ലാഹുവിനെ കാണുന്നതിനുള്ള കണ്ണും കേൾക്കുന്നതിനുള്ള ചെവിയും മനസ്സിലാക്കുന്നതിനുള്ള മനസ്സും ഉണ്ടാകാത്തിടത്തോളം ആർക്കും ഒരു നബിയിൽനിന്നും ദൈവനിയോഗിതനിൽനിന്നും ഒരു ഫലവുമെടുക്കാൻ സാധിക്കുകയില്ല.

ഞാൻ വീണ്ടും പറയട്ടെ, പ്രകൃതിയിൽ രണ്ടുവിഭാഗം ജനങ്ങളുണ്ട്. ഒരു കൂട്ടരുടെ ആന്തരികശക്തി പരിശുദ്ധമായിരിക്കും. നിറഞ്ഞ അത്തർ കുപ്പിപോലെ, ഗുണവും സന്മാർഗവും പ്രാപിക്കുന്നതിനുള്ള വാസന അവരിൽ നിറഞ്ഞിരിക്കും. ജ്വലിച്ചെരിയാൻ എണ്ണയും തിരിയുമെല്ലാം അവരിൽ ഗുപ്തമായിട്ടുണ്ടാകും. ഒരു ചെറുതീപ്പൊരി മാത്രമേ ആവശ്യമുള്ളൂ. ഒരു പൊരി വീണാൽ, അതുമതി അത് തെളിഞ്ഞു കത്താൻ.

അതായിരുന്നു ഹദ്റത്ത് അബൂബക്കർ(റ). അദ്ദേഹത്തിന്റെ പ്രകൃതിയിൽ ആദ്യമേതന്നെ സൗഭാഗ്യത്തിന്റെ എണ്ണയും തിരിയുമുണ്ടായിരുന്നു. അതുകൊണ്ട് ആദരണീയനായ പ്രവാചകൻ (സ)ന്റെ പരിശുദ്ധ അധ്യാപനം അതിനെ ഹഠാൽ ആകർഷിക്കുകയും പ്രോജ്ജ്വലിപ്പിക്കുകയും ചെയ്തു. അദ്ദേഹം പ്രവാചകൻ(സ)നോട് ഒരു ചർച്ചയും നടത്തിയില്ല. ഒരു ദൃഷ്ടാന്തവും, മുഅ്ജിസത്തും ചോദിച്ചില്ല. 'അങ്ങ് നുബുവ്വത്ത് വാദിക്കുന്നുണ്ടോ?' എന്നു മാത്രം ചോദിച്ചു. 'ഉണ്ട്'എന്ന് നബി(സ)തിരുമേനി പ്രതിവചിച്ചപ്പോൾ, 'അങ്ങ് സാക്ഷി, ഞാൻ ആദ്യമായി അങ്ങയിൽ വിശ്വസിക്കുന്നു' എന്നു പറഞ്ഞു.

ചോദ്യം ചോദിച്ച് നടക്കുന്നവർ അപൂർവ്വമായിട്ടേ വിശ്വസിക്കുകയുള്ളൂ എന്നത് പരീക്ഷണത്തിലൂടെ തെളിഞ്ഞിട്ടുള്ള കാര്യമാണ്. എന്നാൽ, സദുദ്ദേശ്യത്തോടും ക്ഷമയോടും കൂടി പ്രവർത്തിക്കുന്നവർ സന്മാർഗത്തിൽ പൂർണമായും ഭാഗഭാക്കാകും. ഇതിന്റെ മാതൃക ഹദ്റത്ത് അബൂബക്കർ(റ)ലും അബൂജഹ്ലിലുമുണ്ട്. ഹദ്റത്ത് അബൂബക്കർ(റ) അശേഷം സംശയം പ്രകടിപ്പിച്ചില്ല. ദൃഷ്ടാന്തം ചോദിച്ചതുമില്ല. എന്നാൽ, ദൃഷ്ടാന്തം ചോദിച്ച് നടന്നവർക്ക് കൊടുക്കാതിരുന്നത് അല്ലാഹു അദ്ദേഹത്തിന് കൊടുത്തു. അദ്ദേഹം ദൃഷ്ടാന്തത്തിനുമേൽ ദൃഷ്ടാന്തം കണ്ടു. അദ്ദേഹം തന്നെയും ഒരു മഹത്തായ ദൃഷ്ടാന്തമായിത്തീർന്നു. എന്നാൽ, അബൂജഹ്ൽ ദൃഷ്ടാന്തം ചോദിക്കുകയും സംവാദമുന്നയിക്കുകയും ചെയ്തു. അക്രമപ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തു. അയാൾ ദൃഷ്ടാന്തങ്ങൾക്കുമേൽ ദൃഷ്ടാന്തങ്ങൾ കണ്ടു. പക്ഷേ, അവയെ എങ്ങനെ കാണണമായിരുന്നുവോ അതുപോലെ കണ്ടില്ല. അവസാനം അയാൾ മറ്റുള്ളവർക്ക് ഒരു ദൃഷ്ടാന്തമായിത്തീരുമാറ് ശത്രുവായിത്തന്നെ നശിക്കുകയും ചെയ്തു. ഇതിൽനിന്ന്, വിശ്വാസത്തിന്റെ പ്രകാശമുള്ള പ്രകൃതക്കാർക്ക് അധികം പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ലെന്നത് വളരെ വ്യക്തമാണ്. അവർക്ക് ലക്ഷ്യം പ്രാപിക്കാൻ ഒരേയൊരു വാക്കുമതി. അവരുടെ ഹൃദയത്തിൽ ഒരു വിളക്കുണ്ട്. ശബ്ദം കേട്ടയുടൻ അത് തെളിയാൻ തുടങ്ങും. അവരിലെ ദൈവികശക്തി ആ ശബ്ദംകേട്ട് തുടിക്കുകയും വളർന്നു തുടങ്ങുകയും ചെയ്യുന്നു. ഇങ്ങനെയൊരു ശക്തിയില്ലാത്തവർ നിഷേധികളായി നാശമടയുന്നു. ലോകാരംഭം മുതൽ നടന്നുവരുന്ന രീതി ഇതുതന്നെയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഓരോരുത്തരും ഭയപ്പെടേണ്ടതുണ്ട്. ജനനന്മയ്ക്കായി ഏതെങ്കിലും കാലത്ത് ദൈവനിയോഗിതൻ ജന്മമെടുക്കുമ്പോൾ, ആ ദൈവനിയോഗിതനെ സ്വീകരിക്കാനും വിശ്വസിക്കാനും തയ്യാറാകുന്നവർ അനുഗൃഹീതരാണ്. എന്നാൽ, തന്റെ ഹൃദയം നിഷ്ഠൂരമായി കാണുന്നവരും വിശ്വാസത്തിന്റെ മാർഗം നിഷേധിക്കുന്നവരും അത് അശുഭപര്യവസാനത്തിന്റെ അടയാളവും നിർഭാഗ്യതയുടെ കാരണവുമാണെന്നു കരുതി ഭയപ്പെടേണ്ടതാണ്.

### അതീവരഹസ്യമായ കാര്യം

സത്യവിശ്വാസം സ്വീകരിക്കാനാവശ്യമായ ദൃഷ്ടാന്തങ്ങളും തെളിവുകളും കണ്ടിട്ടും അവയെ വിശ്വസിക്കാത്തവരുടേയും സന്മനസ്സോടെയും ക്ഷമയോടെയും പ്രവർത്തിക്കാത്തവരുടെയും സത്യമാർഗത്തെ നിഷേധിക്കാൻ അവസരം പാർത്തിരിക്കുന്നവരുടെയും സ്ഥിതി കഷ്ടം തന്നെയാണ്. എത്ര വലിയ ദൃഷ്ടാന്തം അവർക്കുണ്ടായാലും അവർക്കത് പ്രയോജനം ചെയ്യില്ല. അവർക്ക് ഒരേയൊരു ചിന്തയേ ഉണ്ടാകൂ;എങ്ങനെ ഇവയൊക്കെ എതിർക്കണം എന്നതായിരിക്കുമത്. അത്തരക്കാർ അത് ഭാഗ്യഹീനരുടെ സമ്പ്രദായമാണെന്ന് മനസ്സിലാക്കി ഭയപ്പെടേണ്ടതാണ്. നന്മയെ ഉപദേശിച്ചും തിന്മയെ നിഷേധിച്ചും ഈ സംഘം ഒരിക്കലും ഫലമെടുത്തിട്ടില്ല. അല്ലാഹുവിന്റെ സന്ദേശം അവർ കേട്ടപ്പോൾ, അല്ലാഹുവിൽനിന്ന് നിയോഗിതനായ വ്യക്തിയുടെ ശബ്ദം അവരുടെ ചെവിയിൽ പതിഞ്ഞപ്പോൾ അതിനെതിരെ പോരാടാൻ അവർ എഴുന്നേറ്റുനിന്നു. തലതിരിഞ്ഞ ചിന്തയും അറുപിശുക്കും അനാവശ്യമായ ശത്രുതയും കാരണം ദൈവികമാർഗത്തെ തടയാനുള്ള ഗൂഢാലോചനയിലും അവർ മുഴുകി. അതിലവർ പുരോഗമിക്കുകയും ഒടുക്കം അത് വൻപോരാട്ടത്തിലേക്കും സംഘട്ടനങ്ങളിലേക്കും യുദ്ധങ്ങളിലേക്കുതന്നെയും വഴിപ്പെടുകയും ചെയ്തു. സ്വന്തം നാശത്തിന്റെ കുഴി സ്വയം തോണ്ടുകയായിരുന്നു അവർ.

നബി(സ) തിരുമേനിയുടെ കാലത്തുണ്ടായിരുന്ന അവസ്ഥയാണിത്. ഒരു കൂട്ടർ സത്യവിശ്വാസത്തിൽ അഭിവൃദ്ധിപ്പെട്ടു. ദൈവിക കല്പനക്ക് വിധേയരായി ആടുമാടുകളെപോലെ അറുക്കപ്പെട്ടു. ഭാര്യയും കുട്ടികളും എന്താകുമെന്ന ചിന്തയൊന്നും അവർക്കുണ്ടായില്ല. സ്നേഹത്തിന്റെ ലഹരിപാനീയം അല്പം അവരെ കുടിപ്പിച്ചു. തൽഫലമായി അവർ ലൗകീകമായി ഒന്നും പരിഗണിക്കാതെ സ്വന്തം ജീവൻപോലും ബലികൊടുത്തു. എങ്ങനെ അവർ നബി(സ) തിരുമേനിയെ ആദരിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു എന്ന് കാണുമ്പോഴാണ് അവരുടെ ഈ അത്ഭുതസിദ്ധി മനസ്സിലാക്കാൻ കഴിയുക.

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin